# അദ്ധ്യയന വർഷത്തിൽ നടത്തേണ്ട പദ്ധതികളും അവയ്ക്കുള്ള നിർദ്ദേശങ്ങളും

- ജീവിക്കുന്നതിലെ സന്തോഷം - ലോഗോ
- വിശ്വാസപരിശീലകരുടെ പ്രത്യേക ശ്രദ്ധക്ക്
  - വേദപാഠാദ്ധ്യാപകർക്കുള്ള പരിശീലനം
  - സോണൽ കൺവെൻഷനുകൾ
  - പ്രായപരിധിയും കാലപരിധിയും
  - ഉത്തരക്കടലാസ് പരിശോധന
- വിശ്വാസ പരിശീലന വാർഷിക പദ്ധതി

# ജീവിക്കുന്നതിലെ സന്തോഷം

**ദൈവവചനം ചിറകുകളാക്കിയ പ്രാവ്-** "സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും" (യോഹ 16:13). ദൈവവചനത്തിന്റെ ആന്തരികാർത്ഥം നമുക്ക് വെളിപ്പെടുത്തി തരുന്നത് പരിശുദ്ധാത്മാവാണ്. വിശ്വാസ പരിശീലനത്തിൽ പങ്കാളികളാകുന്നവരെല്ലാവരും പരിശുദ്ധാത്മാവിനോട് തുറവിയുള്ളവരും ദൈവവചനത്തെ ചിറകുകളാക്കുന്നവരുമാകണം.

**കുരിശ് –** ക്രിസ്തുവിലൂടെ കൈവന്ന രക്ഷയുടെയും ദൈവം ക്രിസ്തുവിലൂടെ വെളിപ്പെടുത്തിയ സ്നേഹത്തിന്റെയും അടയാളം. ക്രിസ്തുവിന്റെ ദർശനങ്ങൾ പിൻതുടരുന്നവർ ജീവിതത്തിൽ ഏറ്റെടുക്കേണ്ടിവരുന്ന സഹനത്തെയും സൂചിപ്പിക്കുന്നു. വിശ്വാസ പരിശീലനത്തിലൂടെ ക്രിസ്തുവിലൂടെ കൈവന്ന രക്ഷയും ദൈവം മനുഷ്യകുലത്തോട് കാണിച്ച സ്നേഹവും ക്രിസ്തുവിന്റെ നിലപാടുകൾ എടുക്കാനുള്ള ധീരതയും പകർന്നു കൊടുക്കണം.

**ഇടതും വലതുമുള്ള സ്നേഹവലയങ്ങൾ (ഹൃദയാകൃതി) –** ദൈവന്മോഖുതയിലും പരോന്മുഖതയിലും ജീവിക്കുന്ന മനുഷ്യരുടെ ജീവിതം സ്നേഹത്താൽ വലയം ചെയ്യപ്പെട്ടതാണ്. ക്രിസ്തുവിന്റെ അടിസ്ഥാന പ്രമാണങ്ങളായ ദൈവസ്നേഹവും പരസ്നേഹവും വിശ്വാസ പരിശീലനത്തിലൂടെ കുട്ടികൾക്ക് പകർന്നുകൊടുക്കുമ്പോൾ അവരുടെ ജീവിതവും ക്രിസ്തീയമായ സ്നേഹത്താൽ വലയം ചെയ്യപ്പെട്ടതാകും.

**വിടർന്ന കൈകളുമായി നിൽക്കുന്ന മനുഷ്യരൂപങ്ങൾ** – ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വേരൂന്നിയ മനുഷ്യരുടെ ആനന്ദം സൂചിപ്പിക്കുന്നു. യേശുവിന്റെ സ്നേഹവചസ്സുകളുടെ ലക്ഷ്യം മനുഷ്യനെ യഥാർത്ഥ സന്തോഷത്തിലേക്ക് നയിക്കുക എന്നതാണ് (യോഹ 15:11). ക്രിസ്തുവിന്റെ വചനം ശ്രവിക്കുന്നതിലൂടെയും പാലിക്കുന്നതിലൂടെയും, (യോഹ 15:10)സന്തോഷത്തിന്റെ ഉറവിടമായ ക്രിസ്തുവിനോട് ചേർന്നു നിൽക്കാനാകും. ക്രിസ്തുവിൽ വേരൂന്നിയവർക്ക് ജീവിക്കുന്നതിൽ തന്നെ സന്തോഷമുണ്ടാകുമെന്ന ബോധ്യം കുട്ടികൾക്ക് പകർന്നുകൊടുക്കുക വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യമാണ്.

ക്രിസ്തുവിലും ക്രിസ്തു പഠിപ്പിച്ച വചനങ്ങളിലും കേന്ദ്രീകൃതമായ ജീവിതങ്ങൾ ദൈവാത്മാവിലും ദൈവവചനത്തിലും വേരൂന്നി വളരുന്നു. അവരെന്നും ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹവലയത്തിനുള്ളിലായിരിക്കും അവരാണ് ജീവിതത്തിൽ സന്തോഷം കണ്ടെത്തുന്നവർ.

(ഈ വർഷത്തെ ലോഗോ ചിത്രീകരണം നിർവ്വഹിച്ച ബ്ര. നിതിൻ പനവേലിയ്ക്ക് ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു)

## വിശ്വാസ പരിശീലകരുടെ പ്രത്യേക ശ്രദ്ധക്ക്

1. നിങ്ങൾ ക്രിസ്തുവിന്റെ ദൗത്യത്തിന്റെ പിൻതുടർച്ചക്കാരാണ്.

2. മക്കളെപ്പോലെ നിങ്ങളുടെ മുൻപിൽ ഇരിക്കുന്ന കുട്ടികൾക്ക് നിങ്ങൾ "ക്രിസ്തുവിന്റെ പരിമളമാണ്" (2 കൊറി 2: 15).

3. കുട്ടികളുടെ മുൻപിൽ "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5:14). "നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ" (മത്താ 5:16).

4. വേദപാഠാദ്ധ്യാപകരിൽ ക്രിസ്തു ദർശനം വിടരണം. സുവിശേഷങ്ങൾ എന്നും വായിക്കുന്നതിലൂടെ ക്രിസ്തുവിന്റെ കാഴ്ചപ്പാടുകൾ സ്വായത്തമാക്കാൻ കഴിയും.

5. കുട്ടികളുടെ ഉള്ളിൽ അരക്കിട്ടുറപ്പിക്കണമെന്നു കരുതുന്ന മൂല്യങ്ങളെക്കുറിച്ച് നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും വ്യക്തവും കൃത്യവുമായ ദർശനം ഉണ്ടാകണം.

6. നാളത്തെ നവസമൂഹത്തെ സ്വപ്നം കാണാൻ പഠിപ്പിക്കുക.

7. കുട്ടികൾക്ക് കണ്ടു പഠിക്കാനുള്ള ഗുണം നിങ്ങളിൽ ഉണ്ടെന്ന് നിങ്ങൾക്ക് ബോധ്യം ഉണ്ടാകണം.

8. കുട്ടികളുടെ വളർച്ചയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നിങ്ങൾക്ക് ഉണ്ടാകണം. നിരന്തരം വളരാനും മുന്നേറാനും സ്നേഹം പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

9. നിങ്ങൾ ഏത് അദ്ധ്യാപകരുടെ ക്ലാസ്സിലാണ് കൂടുതൽ നന്നായിട്ട് പഠിച്ചിരുന്നത്, എന്തുകൊണ്ടാണ് അവരെ ഇഷ്ടപ്പെട്ടിരുന്നത് എന്നാലോചിക്കണം. ഞാൻ ഇഷ്ടപ്പെട്ടിരുന്ന അദ്ധ്യാപകരുടെ ഗുണങ്ങൾ ഏതെല്ലാം എന്നിൽ ഉണ്ടെന്ന ഒരാത്മശോധന നടത്തണം.

10. അദ്ധ്യാപനം ജീവിതമാണ് എന്നോർക്കുക.

11. പിരിമുറക്കമില്ലാത്ത ക്ലാസ്സു മുറികളിൽ ക്രിയാത്മകമായ ആശയങ്ങൾ ഉരുത്തിരിയും

12. ഓരോ ഞായറാഴ്ചയും വിശ്വാസപരിശീലനം കഴിഞ്ഞുപോകുന്ന കുട്ടികൾക്ക് നിങ്ങളിൽ നിന്ന് എന്തെങ്കിലും – ഒരു പ്രശംസ, ഒരാശ്വാസവാക്ക്, പുഞ്ചിരി, സാന്ത്വന സ്പർശം... – കിട്ടിയിരിക്കണം. അടുത്ത ക്ലാസ്സിലേക്ക് വരാനുള്ള ആന്തരിക പ്രേരണയും ആഗ്രഹവും കിട്ടട്ടെ.

13. കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കണം, പേരു പഠിക്കണം.

14. കുട്ടികളുടെ ഭവനം സന്ദർശിക്കുക, നല്ല ബന്ധം സൃഷ്ടിക്കുക.

15. ഒരു ദിവസം ഒരു കുട്ടിയോടെങ്കിലും വ്യക്തിപരമായി സംസാരിക്കുക.

16 എപ്പോഴും പുഞ്ചിരിയോടെ ക്ലാസ്സിലേക്ക് പ്രവേശിക്കുക.

17. കുറ്റപ്പെടുത്തി ക്ലാസ്സിൽ നിന്നും ഇറക്കിവിടരുത്.

18. പരീക്ഷക്ക് കുട്ടികൾക്ക് ഹിതമല്ലാത്ത സഹായം ചെയ്തു കൊടുക്കുന്നത് കുട്ടികളിൽ മൂല്യബോധം ഇല്ലാതാക്കുകയും അദ്ധ്യാപകരെക്കുറിച്ച് തെറ്റായ കാഴ്ച്ചപ്പാട് കൊടുക്കുകയും ചെയ്യും.

19. ദേവാലയത്തിനകത്ത് കുട്ടികളിൽ അച്ചടക്കം വളർത്തുന്നത് അച്ചടക്കത്തിൽ വളരുന്നതിന്റെ ഭംഗി ആസ്വദിക്കാനാകരുത്, അത് ദേവാലയത്തിലെ ദൈവസാന്നിദ്ധ്യത്തെക്കുറിച്ച് സ്മരണയുണർത്താനാകണം.

20. കുട്ടികളോട് സ്നേഹത്തോടെയും കരുണയോടെയും പെരുമാറണം എന്നാൽ അവനവന്റെ ഉത്തരവാദിത്വത്തെ ലാഘവത്തോടെ എടുക്കരുത്.

21. തുടർച്ചയായി വേദപാഠാദ്ധ്യാപകരുടെ യോഗങ്ങളിലൊ, പ്രോഗ്രാമുകളിലൊ മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും പ്രോഗ്രാമിൽ പങ്കെടുക്കാൻ പേര് നൽകിയതിനു ശേഷം പങ്കെടുക്കുന്നില്ലായെന്ന് തീരുമാനിച്ചാൽ ഓഫീസിൽ അറിയിക്കണം.

## അദ്ധ്യാപകർക്കുള്ള പരിശീലനം "തീരം" (Basic Orientation Course)

(**THEERAM** - **T**raining **H**earts to **E**ncounter Jesus to be **E**nriched by Him in order to **R**ealize the values of the kingdom **A**nd to be a **M**issionary to our students)

യേശുവിനെ അനുഭവിക്കാനും കണ്ടുമുട്ടാനും ഹൃദയത്തെ (Heart) പരിശീലിപ്പക്കുക (Training), യേശുവിനാൽ സമ്പന്നമാകുന്ന ജീവിതം (Enriched), ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള (Realize) ശ്രമം, കുട്ടികളിലേക്ക് യേശുവിനെയും അവന്റെ മൂല്യങ്ങളെയും പകർന്നുകൊടുക്കാനുള്ള ദൗത്യം (Mission). ഈ ലക്ഷ്യങ്ങളാണ് ഈ പരിശീലന പരിപാടിയിലൂടെ പ്രധാനമായി ഉദ്ദേശിക്കുന്നത്. യേശു പലപ്പോഴും കടൽതീരത്തിരുന്നാണ് പഠിപ്പിച്ചിരുന്നത്. യേശുവിനോടൊപ്പം ഇരിക്കാനുള്ള താല്പര്യം വിശ്വാസപരിശീലന രംഗത്ത് ശുശ്രൂഷ ചെയ്യുന്നവർക്കുണ്ടാകണം. "അരികുകളിലേക്ക് പോകുക" എന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ ആഹ്വാനവും "തീരം" എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നു.

അതിരൂപതയിൽ വിശ്വാസ പരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാന പരിശീലനം ലഭിച്ചവരാകണം

എന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കട്ടെ. ഈ വർഷം നടത്തുന്ന രണ്ടു കോഴ്സുകൾ താമസിച്ചുള്ളതായിരിക്കും. ഈ വർഷം അദ്ധ്യാപന രംഗത്തേക്കു കടന്നുവരുന്നവരും ഇതുവരെ അതിരൂപത സംഘടിപ്പിച്ച അടിസ്ഥാന പരിശീലന ക്ലാസ്സിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ താമസിച്ചുള്ള കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കോഴ്സ് 1.** **തീയതി - 2017 ജൂൺ 24-25 (ശനി, ഞായർ)**
**സ്ഥലം - റിന്യൂവൽ സെന്റർ, കലൂർ**
**രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി - ജൂൺ 05**

(ശനിയാഴ്ച്ച രാവിലെ 9.00 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും, 9.30-ന് ക്ലാസ്സ് ആരംഭിക്കും. വൈകിയെത്തുന്നവരെ സ്വീകരിക്കുന്നതല്ല. ഞായറാഴ്ച്ച വൈകുന്നേരം നാലുമണിക്ക് അവസാനിക്കും. ഇവിടെ താമസിക്കാൻ ഒരുങ്ങി വരേണ്ടതാണ്. ശനിയാഴ്ച്ച പോകാൻ ഉദ്ദേശിക്കുന്നവർ ഈ ബാച്ചിൽ പങ്കെടുക്കേണ്ടതില്ല)

**കോഴ്സ് 2.** **തീയതീ - 2017 ആഗസ്റ്റ് 12 -13 തിയതി (ശനി, ഞായർ)**
**സ്ഥലം - നൈപുണ്യ, ചേർത്തല (താമസിച്ചുള്ളതല്ല)**
**രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി - ജൂലൈ 09**

**കോഴ്സ് 3.** **തീയതി - 2017 ഒക്ടോബർ 01-02 (ഞായർ, തിങ്കൾ)**
**സ്ഥലം - നിവേദിത, ചുണങ്ങംവേലി**
**രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി - സെപ്റ്റംബർ 03**

ആദ്യം പേരു രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് കോഴ്സിൽ സംബന്ധിക്കാൻ അവസരം ലഭിക്കുക. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## സത്യപ്രതിജ്ഞ

അദ്ധ്യയന വർഷാരംഭത്തിൽ എല്ലാ അദ്ധ്യാപകരും വി. കുർബാന മദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് വിശ്വാസ പരിശീലന ശുശ്രൂഷ ആരംഭിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബാന മദ്ധ്യേ കാറോസൂസാ പ്രാർത്ഥനകൾക്കു ശേഷമാണ് ഈ ചടങ്ങ് നടത്തേണ്ടത്. വിശ്വാസ പരിശീലകരുടെ സത്യപ്രതിജ്ഞയുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

## പ്രാർത്ഥനാദിനം

നേരത്തെ അറിയിച്ചിരുന്നതുപോലെ 2017 മെയ് 28-ാം തിയതിയാണ് വേദപാഠാദ്ധ്യാപകരുടെ പ്രാർത്ഥനാ ദിനം. നമ്മുടെ അതിരൂപതയിലെ

എല്ലാ ദേവാലയങ്ങളിലും വിശ്വാസ പരിശീലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ അന്നേ ദിവസം ഒരുമിച്ചുകൂടി അടുത്ത അദ്ധ്യയന വർഷത്തിനായുള്ള ഒരുക്കം നടത്തുന്നത് നന്നായിരിക്കും. അടുത്തടുത്തുള്ള ഇടവകകൾ ഒരുമിച്ച് അന്നേദിവസം പ്രാർത്ഥനാ ദിനമായി ആചരിക്കാവുന്നതാണ്. ബഹു. വികാരിയച്ചന്റെ അഭിപ്രായമറിഞ്ഞതിനുശേഷമാണ് അയൽപക്ക ഇടവകകളുമായി ചേർന്നുള്ള പ്രാർത്ഥനാദിനം സംഘടിപ്പിക്കേണ്ടത്.

വി. കുർബാനയും ആരാധനയും കുമ്പസാരത്തിനുള്ള സൗകര്യവും ഒരുമിച്ചുള്ള ഉച്ചഭക്ഷണവും ഒരുക്കാൻ വികാരിയച്ചന്മാരുമായി ആലോചിച്ച് വേണ്ടതു ചെയ്യുക. ഉച്ചയ്ക്കുശേഷം സ്റ്റാഫ് മീറ്റിങ്ങ് നടത്തി ഒരുമിച്ചിരുന്ന് പുതിയ അദ്ധ്യയനവർഷത്തിന്റെ കർമ്മപദ്ധതികൾ വിഭാവനം ചെയ്യുകയും വേണം.

പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത് കുറഞ്ഞത് മൂന്നുമാസം കൂടുമ്പോഴെങ്കിലും (ചില ഇടവകകളിൽ എല്ലാ മാസവും കൂടുന്നുണ്ട്) ഇടവകയിലെ വിശ്വാസ പരിശീലകർ ഒരുമിച്ചുകൂടി ഒരു മണിക്കൂർ സമയമെങ്കിലും പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കണം. "കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്" (സങ്കീ 127:1).

## വിശ്വാസപരിശീലകരുടെ പ്രാർത്ഥന

വേദപാഠക്ലാസുകളിലേക്ക് പോകുന്നതിനുമുമ്പ് (വി. കുർബാനയ്ക്ക് ശേഷമോ കുട്ടികളുടെ പ്രാർത്ഥനക്കു ശേഷമോ) ഒരുമിച്ചുചേർന്ന് പ്രാർത്ഥിക്കുകയും വികാരിയച്ചന്റെ ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുന്നത് നല്ലതാണ്. അദ്ധ്യാപകർക്കുള്ള പ്രാർത്ഥന പ്രത്യേക കാർഡിൽ പ്രിന്റ് ചെയ്തു നൽകിയിട്ടുണ്ടല്ലോ. അനുബന്ധത്തിൽ ചേർത്തിട്ടുമുണ്ട്.

## സോണൽ കൺവെൻഷൻ - ശ്രുതി 2017 (SRUTHI)

**SRUTHI 2017** - **S**eek the kingdom of God and **R**ealize its values as **U**nited disciples of Jesus and **T**ransform and **H**umanize the society and **I**nspire and Illuminate the world )

ഭാരതീയ പാരമ്പര്യത്തിൽ ശ്രുതി എന്ന പദത്തിന് "ശ്രവിക്കപ്പെടുന്നത്" എന്ന അർത്ഥമുണ്ടല്ലോ. "വേദം" എന്നുമർത്ഥമുണ്ട്. വേദപാഠാദ്ധ്യാപകർ ക്രിസ്തുവിന്റെ വചനം ശ്രവിച്ച് അത് ജീവിതത്തിലൂടെ കുട്ടികൾക്ക് പകർന്നു കൊടുക്കുന്നവരാണ്. "എല്ലാ വാദ്യങ്ങളും യോജിച്ച് ശബ്ദം പുറപ്പെടുവിക്കുക" യെന്നും ഈ വാക്കിന് അർത്ഥമുണ്ട്. വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ക്രിസ്തുവിന്റെ ഓരോ വാദ്യ

മാണ്. എല്ലാവരും യോജിച്ച് ക്രിസ്തുവിന്റെ വചനത്തിന്റെ ശബ്ദം മീട്ടുമ്പോൾ ആണ് കുട്ടികൾക്ക് അത് ശ്രുതി മധുരമായി അനുഭവപ്പെടുകയുള്ളു. ശ്രുതിഭംഗം ഉണ്ടാകാതെ എല്ലാ വേദപാഠാദ്ധ്യാപകരും ഏകമനസ്സോടെ ഈ ശുശ്രൂഷയിൽ പങ്കെടുക്കണമെന്നതാണ് പ്രഥമമായി ഈ പദം കൊണ്ടർത്ഥമാക്കുന്നത്.

ഈ പദം ഇംഗ്ലീഷ് ലിപിയിൽ എഴുതുമ്പോൾ ലഭിക്കുന്ന പദത്തെ വിശകലനം ചെയ്താൽ വിശ്വാസ പരിശീലകരുടെ ദൗത്യത്തിലേക്ക് വെളിച്ചം ലഭിക്കുമെന്നകാര്യം കൂടി ഓർമ്മിപ്പിക്കട്ടെ. ഏറ്റവും പ്രഥമമായി വേദപാഠാദ്ധ്യാപകർ ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നവരാണ് (മത്തായി 6:33). ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ (മത്താ 5: 1–12) ജീവിതത്തിലും സമൂഹത്തിലും ക്രിസ്തുവിന്റെ ശിഷ്യരെന്ന നിലയിൽ ഏകമനസ്സോടെ (യോഹ 17:11, 21–23) പ്രയോഗത്തിൽ കൊണ്ടുവരുന്നവരും സഭയെയും സമൂഹത്തെയും പരിവർത്തനപ്പെടുത്തി, മാനവീകരിച്ച് (മത്താ 25:31–46) ലോകത്തെ പ്രചോദിപ്പിക്കുകയും പ്രകാശിപ്പിക്കുകയും (മത്താ 5:13–16) ചെയ്യുന്നവരുമാണ്.

## സോണൽ കൺവെൻഷൻ തിയതികൾ

| | |
|---|---|
| **2017 ഡിസംബർ 10** | **– അങ്കമാലി, മൂഴിക്കുളം, പറവൂർ** |
| **2017 ഡിസംബർ 17** | **– ചേർത്തല, പള്ളിപ്പുറം, വൈക്കം, തൃപ്പൂണിത്തുറ** |
| **2018 മാർച്ച് 4** | **– എറണാകുളം, ഇടപ്പള്ളി, കിഴക്കമ്പലം** |
| **2018 മാർച്ച് 11** | **– കൊരട്ടി, കറുകുറ്റി, മുക്കന്നൂർ, മഞ്ഞപ്ര, വല്ലം, കാഞ്ഞൂർ** |

## പുതിയ ഹെഡ്മാസ്റ്റർമാരും സെക്രട്ടറിമാരും

ഹെഡ്മാസ്റ്റർമാരുടെയും സെക്രട്ടറിമാരുടെയും കാലാവധി മൂന്നു വർഷവും അത്യാവശ്യമെങ്കിൽ ബഹു. വികാരിയച്ചന് ഉചിതമെന്ന് തോന്നുന്ന കാലത്തേക്ക് നീട്ടി കൊടുക്കാവുന്നതുമാണ്. എന്നാൽ 6 വർഷത്തിൽ അധികമാകരുത് എന്ന കാര്യം നിർബന്ധമായും ശ്രദ്ധിക്കണം. കാലാവധി പൂർത്തിയാക്കിയ ഹെഡ്മാസ്റ്റർമാർക്കും സെക്രട്ടറിമാർക്കും പകരം പുതിയ വ്യക്തിയെ ബഹു. വികാരിയച്ചൻ നിയമിക്കുകയും ആ വിവരം അതിരൂപതാ കേന്ദ്രത്തിൽ അറിയിക്കുകയും ചെയ്യുമല്ലോ. പുതിയ അദ്ധ്യയനവർഷം തുടങ്ങുന്നതിനു മുൻപേ ഈ മാറ്റം വരുന്നത് വളരെ പ്രായോഗികമാണ്.

## അദ്ധ്യാപകരുടെ കാലാവധി

വിശ്വാസപരിശീലന ശുശ്രൂഷ ഔദ്യോഗികമായി നടത്തുന്നതിനുള്ള കാലാവധി 65 വയസ്സാണല്ലോ. ഇത് കൃത്യമായി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആർക്കെങ്കിലും ഒരാൾക്കായി നമുക്ക് ഒഴിവ് നൽകാനാവില്ലല്ലോ. എന്നാൽ 65 വയസ്സു പൂർത്തിയായിട്ടും വളരെ തീക്ഷ്ണതയോടെ ശുശ്രൂഷചെയ്യുന്നവർ നമ്മുടെ ഇടവകകളിൽ ഉണ്ട്. അവരെ അദ്ധ്യാപനരംഗത്തുനിന്നും മാറ്റി കുട്ടികളുടെ വിശ്വാസ പരിപോഷണത്തിന് ആവശ്യമായ മറ്റു മേഖലകൾ ഏല്പിക്കാവുന്നതാണ്.

## ഉത്തരക്കടലാസ് പരിശോധന

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഉത്തരക്കടലാസു പരിശോധന ഈ വർഷം ഫൊറോന തലത്തിൽ നടത്തപ്പെടുന്നു. പരിശോധനയുടെ തീയതികളും സമയക്രമവും അതാത് ഫൊറോനകൗൺസിൽ തീരുമാനിച്ച് ഇടവകകളിലേക്ക് അറിയിക്കുന്നതാണ്. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിപ്പിക്കുന്ന അദ്ധ്യാപകർ നിർബ്ബന്ധമായും ഉത്തരക്കടലാസ് പരിശോധനയിൽ പങ്കെടുക്കണം. അസൗകര്യമുള്ളവർ രേഖാമൂലം ഫൊറോനയിൽ അറിയിക്കേണ്ടതും പകരക്കാരെ അവർ തന്നെ കണ്ടെത്തേണ്ടതുമാണ്.

സൺഡേസ്കൂൾ സർട്ടിഫിക്കററ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പരിശോധന നവംബർ 05-ലെ പരീക്ഷയ്ക്കു ശേഷം നവംബർ 26-നു മുമ്പും 2018 ജനുവരി 28-ലെ പരീക്ഷയ്ക്കു ശേഷം ഫെബ്രുവരി 15-നു മുമ്പും നടത്തി മാർക്ക് ലിസ്റ്റുകളും 80% കൂടുതൽ മാർക്കു കിട്ടിയ കുട്ടികളുടെ ഉത്തരക്കടലാസുകളും ഉൾപ്പെടെ അതിരൂപത കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

ഉത്തരക്കടലാസ് പരിശോധന നടത്തുമ്പോൾ അദ്ധ്യാപകർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഉത്തരക്കടലാസുകളിൽ പരിശോധന നടത്തിയ അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ പേരും ഒപ്പും ഫോൺ നമ്പറും എഴുതേണ്ടതാണ്. സ്കോളർഷിപ്പ് ലഭിച്ച കുട്ടികളുടെ ഉത്തരക്കടലാസുകൾ ഇവിടെ പുന:പരിശോധന നടത്തുമ്പോൾ ആദ്യം നോക്കിയതിൽ നിന്നും വ്യത്യാസം ഉണ്ടാകരുതെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് മാർക്കിടുന്നതിനു മുമ്പ് ഉത്തരം കൃത്യമായി വായിച്ചു നോക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## എന്താണ് കാറ്റെക്കിസം?

വിശ്വാസ രൂപീകരണം സഭയുടെ അടിസ്ഥാനപരമായ ശുശ്രൂഷയാണ്. സഭയുടെ വളർച്ചക്ക് അനിവാര്യവുമാണ് (General Directory for Catechesis 219 b). "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ... ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28: 19-20). ഉത്ഥാനത്തിനുശേഷം യേശു ശിഷ്യന്മാർക്ക് നൽകിയ കല്പന സഭയുടെ ഈ ദൗത്യത്തെ സൂചിപ്പിക്കുന്നു. അവർ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി (1യോഹ 1:1) മനുഷ്യകുലത്തോട് പ്രഘോഷിക്കാനുള്ള ദൗത്യമാണ് യേശു അവരെ ഏല്പിച്ചത്.

ജനറൽ ഡിറക്ടറി ഫോർ കാറ്റെക്കേസീസിൽ (ഖണ്ഡിക 105) ഇങ്ങനെ വായിക്കുന്നു: സുവിശേഷത്തെ കൈമാറ്റം ചെയ്യുന്ന പ്രകിയയല്ലാതെ മറ്റൊന്നുമല്ല കാറ്റെക്കിസം. ക്രൈസ്തവ സമൂഹം സ്വീകരിച്ചതും മനസ്സിലാക്കുന്നതും ആഘോഷിക്കുന്നതും ജീവിക്കുന്നതും പലരീതിയിൽ പകർന്നു കൊടുക്കുന്നതുമായ പ്രകിയയാണ് കാറ്റെക്കിസം. ക്രിസ്തു തന്റെ ദൗത്യം തുടർന്നുകൊണ്ടു പോകുവാൻ സഭാ സമൂഹത്തെ ഭരമേല്പിച്ചു. ആ ദൗത്യത്തിൽ പങ്കുചേരുന്നവരാണ് വേദ പാഠാദ്ധ്യാപകർ. പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനുമുള്ള ഈ ദൗത്യത്തെ കാലാകാലങ്ങളായി കാറ്റെക്കേസിസ് എന്നാണ് വിളിക്കുന്നത്. വിശ്വാസ രൂപീകരണത്തിന്റെ അവിതർക്കിതമായ ലക്ഷ്യം യേശുക്രിസ്തുവുമായി ഗാഢമായ സ്നേഹബന്ധത്തിലേക്ക് എല്ലാവരെയും കൊണ്ടുവരികയെന്നതാണ്. പരിശുദ്ധാത്മാവിൽ പിതാവിന്റെ സ്നേഹത്തിലേക്ക് നമ്മെ നയിക്കാൻ യേശു ക്രിസ്തുവിന് മാത്രമെ സാധിക്കുകയുള്ളു (Catechesi Tradendae 5). യേശുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിലേക്ക് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എല്ലാ ദൈവജനത്തെയും നയിക്കാനുള്ള ശ്രമമാണ് വചനത്തിലൂടെയും ആരാധനയിലൂടെയും ശുശ്രൂഷയിലൂടെയും സഭാ ജീവിതത്തിലൂടെയും നടക്കുന്നത്.

Catechesis എന്ന വാക്ക് ഗ്രീക്ക് ഭാഷയിലെ 'കാറ്റക്കെയിൻ' എന്ന ക്രിയാപദത്തിൽ നിന്നുമാണ് വന്നിരിക്കുന്നത്. ഈ വാക്കിന്റെ അർത്ഥം "പഠനത്തെ പ്രതിധ്വനിപ്പിക്കുക" എന്നാണ്. എന്താണിതർത്ഥമാക്കുന്നത്? വിശ്വാസ പരിശീലനം ഒരു പാരസ്പര്യത്തിന്റെ പ്രകിയയാണ്. പ്രഘോഷകനും (അദ്ധ്യാപകൻ) സ്വീകരിക്കുന്നവനും (വിദ്യാർത്ഥി) പരിശുദ്ധാത്മാവും തമ്മിലും അവരുടെ ഇടയിലും ദൈവവചനത്തിന്റെ പ്രതിധ്വനികൾ മുഴുങ്ങുകയാണ്. ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കേണ്ട

പ്രകിയയാണിത്. മാനസാന്തരത്തിന്റെയും രൂപീകരണത്തിന്റെയും പഠന ത്തിന്റെയും നിരന്തരമായി പരിവർത്തനത്തിന്റെയും പ്രകിയയാണ് catechesis ലൂടെ നടക്കുന്നത്.

മനുഷ്യരെ ക്രിസ്തുവുമായുള്ള ഐക്യത്തിൽ കൊണ്ടുവരിക എന്ന സഭയുടെ ദൗത്യത്തിന്റെ വിശാലമായമാനം തിരിച്ചുപിടിക്കുകയാണ് ആധുനിക കാലത്ത് സംഭവിച്ചത് (CCC 426). കത്തോലിക്ക സഭയുടെ കാറ്റെക്കിസം ടെക്സ്റ്റിൽ പറയുന്നത് കാറ്റെക്കിസത്തിന്റെ ''അന്ത സത്തയായി നാം കാണുന്നത് ഒരു വ്യക്തിയെയാണ്, നസ്രത്തിൽ നിന്നുള്ള ക്രിസ്തു എന്ന വ്യക്തിയെ". വിശ്വാസ പരിശീലനത്തിലൂടെ നടക്കേണ്ടത് "സനാതനവും സാർവ്വത്രികവുമായ ദൈവിക രക്ഷാപദ്ധതിയെ ക്രിസ്തു എന്ന വ്യക്തിയിൽ അനാവരണം ചെയ്യുക"യെന്ന ദൗത്യമാണ്. "ക്രിസ്തു വിന്റെ പ്രവർത്തികളുടെയും വാക്കുകളുടെയും അവിടുന്ന് പ്രവർത്തിച്ച അടയാളങ്ങളുടെയും അർത്ഥം ഗ്രഹിക്കാനുള്ള ശ്രമമാണ്'' വിശ്വാസ പരിശീലനത്തിലൂടെയും വേദപഠനത്തിലൂടെയും നടക്കേണ്ടത് (CCC 426). വിശ്വാസ പരിശീലനത്തിന്റെ പ്രബോധന വിഷയം "അവതീർണ്ണ വച നവും ദൈവപുത്രനുമായ ക്രിസ്തുവാണെ"ന്നും ബാക്കിയുള്ളതെല്ലാം ക്രിസ്തുവുമായി ബന്ധപ്പെടുത്തി പഠിപ്പിക്കുന്നുവെന്നുമാണ് കത്തോ ലിക്ക സഭയുടെ കാറ്റെക്കിസം ടെക്സ്റ്റിൽ കൊടുത്തിരിക്കുന്നത് (CCC 427). പഠിപ്പിക്കുന്ന വ്യക്തിയുടെ അധരങ്ങളിലുടെ ക്രിസ്തുവാണ് സംസാരിക്കുന്നത്. കാരണം ക്രിസ്തുവാണ് സത്യത്തിൽ പഠിപ്പിക്കു ന്നത്. യഥാർത്ഥത്തിൽ വേദപാഠാദ്ധ്യാപകൻ "ഏതുപരിധിവരെ ക്രിസ്തു സന്ദേശ വാഹകനോ വ്യാഖ്യാതാവോ ആയിരിക്കുന്നുവോ അത്രത്തോളം മാത്രമാണ് പഠിപ്പിക്കുന്നത്'' (CCC 427). വിശ്വാസ പരിശീലനത്തിൽ ഏർ പ്പെട്ടിരിക്കുന്നവർ ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം മറ്റെല്ലാറ്റിനേ ക്കാളും വിലയുള്ളതായി കണക്കാക്കണമെന്നും (ഫിലി 3:8) അവനെ നേടുന്നതിനും അവനോടുകൂടി ഒന്നായി കാണപ്പെടുന്നതിനും സക ലതും നഷ്ടമായി കരുതണമെന്നും (ഫില 3:8-9) കത്തോലിക്ക സഭയുടെ കാറ്റെക്കിസം ടെക്സ്റ്റ് ഓർമ്മപ്പെടുത്തുന്നു (CCC 428). ക്രിസ്തു വിനെക്കുറിച്ച് സ്നേഹനിർഭരമായ ജ്ഞാനമുള്ളവന് മാത്രമെ ഈശോയെ പ്രഘോഷിക്കുവാനും സുവിശേഷം അറിയിക്കുവാനും വിശ്വാസത്തി ലേക്ക് മറ്റുള്ളവരെ നയിക്കുവാനുമുള്ള ആഗ്രഹം ഉള്ളിലുണ്ടാകുക യുള്ളു ( CCC 429).

കത്തോലിക്കസഭയുടെ കാറ്റെക്കിസം ടെക്സ്റ്റും ജനറൽ ഡിറക്ടറി ഫോർ കാറ്റെക്കേസിസും പരിശോധിച്ചാൽ നമുക്ക് വ്യക്തമാകും വിശ്വാസ പരിശീലനത്തിന്റെ പ്രബോധനവിഷയം മതമല്ല, ക്രിസ്തുവും ക്രിസ്തു

വിനോട് ബന്ധപ്പെട്ടു നിൽക്കുന്ന സഭാസമൂഹവുമാണെന്ന്. അതുകൊണ്ട് തന്നെ മതബോധനം എന്ന പ്രയോഗം പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. വിശ്വാസ പരിശീലനമെന്നോ വിശ്വാസ പരിപോഷണമെന്നോ, വേദപഠനമെന്നോ ഉപയോഗിക്കുന്നതാണ് അഭികാമ്യമെന്ന് തോന്നുന്നു.

## വിശ്വാസ പരിശീലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
**(Catechism of the Catholic Church-ൽ പറഞ്ഞിരിക്കുന്നത്)**

**പ്രാർത്ഥനാ ജീവിതവുമായി ബന്ധപ്പെട്ട് പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (CCC 2688)**

- വ്യക്തിഗതമായ പ്രാർത്ഥനയിലൂടെ ദൈവവചന ധ്യാനം പരിശീലിപ്പിക്കുക.
- ആരാധനക്രമപരമായ പ്രാർത്ഥനയിലൂടെ അത് അനുഭവവേദ്യമാക്കുക.
- പുതിയ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കാൻ വേണ്ടി പ്രാർത്ഥനയെ എപ്പോഴും ആന്തരികമാക്കുക.

**മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള വിശ്വാസ പരിശീലനം (CCC 2226) ശൈശവത്തിൽ തന്നെ ആരംഭിക്കണം**

- ക്രൈസ്തവ ജീവിതത്തിന് സാക്ഷ്യം നൽകി കുടുംബത്തിൽ ജീവക്കുന്നതു വഴി കുടുംബാംഗങ്ങൾ വിശ്വാസത്തിൽ വളരാൻ പരസ്പരം സഹായിക്കുന്നു.
- പ്രാർത്ഥിക്കാനും ദൈവമക്കൾ എന്ന നിലയിലുള്ള അവരുടെ ദൈവവിളി കണ്ടെത്താനും തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുക.
- ഇടവകയാണ് ദിവ്യകാരുണ്യ സമൂഹവും ആരാധനാജീവിതത്തിന്റെ ഹൃദയവും എന്ന അവബോധത്തിൽ വളർത്തുക.

**വിശ്വാസ പരിശീലനത്തിലൂടെ എന്താണ് വ്യക്തമാക്കേണ്ടത് (CCC 1697–98)**

- ക്രിസ്തുമാർഗ്ഗത്തിന്റെ സന്തോഷവും ആവശ്യങ്ങളും സുവ്യക്തമായി വെളിവാക്കണം.

**"ക്രിസ്തുവിലുള്ള പുതിയ ജീവിതം" നമ്മിൽ ഉണർത്തേണ്ട ബോധനം:**

- പരിശുദ്ധാത്മാവ് - ക്രിസ്തുവിനനുസൃതമായ ജീവിതത്തിന്റെ ആന്തരികഗുരുവും സൗമ്യനായ അതിഥിയും ഈ ജീവിതത്തെ പ്രചോദിപ്പിക്കുകയും നയിക്കുകയും തിരുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന സുഹൃത്തുമായ പരിശുദ്ധാത്മാവ്.

- കൃപാവരം – ദൈവത്തിന്റെ കൃപാവരത്താലാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കൃപാവരത്താൽ തന്നെയാണ് നമ്മുടെ പ്രവൃത്തികൾക്ക് നിത്യജീവനിലേക്ക് ഫലം പുറപ്പെടുവിക്കാൻ കഴിയുന്നത്.
- സുവിശേഷഭാഗ്യങ്ങൾ – മനുഷ്യഹൃദയം അത്യധികം അഭിലഷിക്കുന്ന ശാശ്വതസൗഭാഗ്യത്തിലേക്കു നയിക്കുന്ന മാർഗ്ഗം – ക്രിസ്തുവിന്റെ മാർഗ്ഗം സുവിശേഷഭാഗ്യങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു.
- പാപവും പാപമോചനവും – പാപിയാണെന്ന് ഒരു മനുഷ്യൻ തിരിച്ചറിയുമ്പോഴാണ് തന്നെപ്പറ്റിയുള്ള സത്യം ഒരുവന് അറിയാൻ കഴിയുന്നത്. ആ അറിവ് നീതിപൂർവ്വം പ്രവർത്തിക്കാനുള്ള വ്യവസ്ഥയാണ്.
- മാനുഷിക സുകൃതങ്ങൾ – നൻമയിലേക്കുള്ള ശരിയായ മനോഭാവങ്ങളുടെ സൗന്ദര്യവും ആകർഷണവും ഗ്രഹിക്കാൻ സഹായിക്കുന്നു.
- ക്രൈസ്തവ സുകൃതങ്ങൾ – വിശ്വാസം, പ്രത്യാശ, സ്നേഹം
- സ്നേഹത്തിന്റെ ദ്വിവിധ കല്പനകൾ – പത്തുകല്പനകളിൽ വ്യക്തമാകുന്നു.
- സഭാത്മകമായ പ്രബോധനം – “ആദ്ധ്യാത്മിക നന്മകളുടെ” വിവിധങ്ങളായ കൈമാറ്റങ്ങൾ.
- “വഴിയും സത്യവും ജീവനും” ആയ യേശു ക്രിസ്തു തന്നെയായിരിക്കണം എപ്പോഴും വിശ്വാസപരിശീലനത്തിന്റെ ആദ്യത്തേതും അവസാനത്തേതുമായ സംശോധനാകേന്ദ്രം.

**വിശ്വാസ പരിശീലനവും ആരാധന ക്രമവും (CCC 1074-75) വിശ്വാസ പരിശീലനത്തിനുള്ള പ്രധാന സ്ഥാനമാണ് ആരാധന ക്രമം.**

- മനുഷ്യരുടെ രൂപാന്തരീകരണത്തിനുവേണ്ടി യേശു ക്രിസ്തു പ്രവർത്തിക്കുന്നത് കൂദാശകളിലൂടെയാണ്, പ്രത്യേകിച്ച് കുർബ്ബാനയിലാണ്.
- ആരാധനക്രമ വിശ്വാസ പരിശീലനത്തിലൂടെ ക്രിസ്തുവിന്റെ രഹസ്യങ്ങളിലേക്ക് ദൈവജനത്തെ നയിക്കുകയാണ് ചെയ്യുന്നത്.

# വിശ്വാസ പരിശീലന വാർഷിക പദ്ധതി


- പൊതുനിർദ്ദേശങ്ങൾ
- വാർഷിക പാഠ്യപദ്ധതി
  - A - നേഴ്സറി ക്ലാസ്
  - B – I മുതൽ III വരെ ക്ലാസ്സുകൾ
  - C – IV മുതൽ VI വരെയുള്ള ക്ലാസ്സുകൾ
  - D – VII മുതൽ IX വരെയുള്ള ക്ലാസ്സുകൾ
  - E – X -ാം ക്ലാസ്സ്
  - F – XI & XII ഡിപ്ലോമ കോഴ്സ്
- IV മുതൽ IX വരെയുള്ള ക്ലാസ്സുകളിൽ ശ്രദ്ധിക്കേണ്ടവ
- X -ാം ക്ലാസ്സിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടവ
- ഡിപ്ലോമ കോഴ്സിൽ പൂർത്തിയാക്കേണ്ട കാര്യങ്ങൾ
- അദ്ധ്യയന വർഷത്തിൽ ശ്രദ്ധ ചെലുത്തേണ്ട മറ്റു കാര്യങ്ങൾ
- പ്രമോട്ടർമാരുടെ സന്ദർശനം

# 1. പൊതുനിർദ്ദേശങ്ങൾ

## 1. ക്ലാസ്സുകൾ

ഏതാണ്ട് ഒൻപതുമാസം നീണ്ടു നിൽക്കുന്ന വിശ്വാസപരിശീലന ക്ലാസ്സുകൾ രണ്ടു സെമസ്റ്ററുകളിലായിട്ടാണ് നടത്തുന്നത്

**ഒന്നാം സെമസ്റ്റർ –** 22 ക്ലാസ്സുകൾ (2017 ജൂൺ 4 – 2017 ഒക്ടോബർ 29)

**പരീക്ഷ: നവംബർ 05 ഞായർ** (I-XII) 10.30 am – 12.30 pm

**രണ്ടാം സെമസ്റ്റർ 14 ക്ലാസ്സുകൾ (2017 നവംബർ 12 – 2018 ഫെബ്രുവരി 18)**

**പരീക്ഷ: ജനുവരി 28 ഞായർ** 2.00pm - 4.00 pm (X, XI, XII)

**പരീക്ഷ: ഫെബ്രുവരി 25 ഞായർ** (I-IX) 10.30 am – 12.30 pm

## 2. സിലബസ്

**2.1 പാഠഭാഗം:** സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന 'രക്ഷയുടെ പാതയിൽ' എന്ന പാഠാവലിയിലെ പുസ്തകങ്ങളാണ് 1 മുതൽ 12 വരെയുള്ള മലയാളം മീഡിയം ക്ലാസുകളിലും, ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലും പഠിക്കുവാനുള്ളത്.

**2.2 നമസ്കാരങ്ങൾ:** ഓരോ ക്ലാസിലും ഏതാനും പുതിയ നമസ്കാരങ്ങൾ വീതം പഠിച്ച് 8–ാം ക്ലാസ്സിലെത്തുമ്പോഴേയ്ക്കും 32 നമസ്കാരങ്ങളും ജപമാലരഹസ്യങ്ങളും പൂർത്തിയാകുന്ന വിധമാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്. എട്ടാം ക്ലാസ്സ് രണ്ടാം സെമസ്റ്ററോടു കൂടി കുട്ടികൾ എല്ലാ നമസ്കാരങ്ങളും അറിഞ്ഞിരിക്കണം. എട്ടാം ക്ലാസ്സിലും അതിനു മുകളിലേക്കുള്ള ക്ലാസ്സുകളിലും പരീക്ഷയ്ക്ക് ഏതു നമസ്കാരവും ചോദിക്കാം. ഓരോ ക്ലാസ്സിലും പഠിക്കേണ്ട നമസ്കാരങ്ങൾ ഏതൊക്കെയാണെന്ന് പാഠ്യ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. താഴെയുള്ള ക്ലാസ്സിൽ പഠിച്ച നമസ്കാരങ്ങൾ (ഉദാ. മൂന്നാം ക്ലാസ്സിൽ) മുകളിലുള്ള ക്ലാസ്സിൽ (നാലാം ക്ലാസ്സ്) എത്തിയാലും അറിഞ്ഞിരിക്കണം.

**2.3 പൊതുവിജ്ഞാനം:** അതിരൂപതയുടെ പ്രസിദ്ധീകരണമായ സത്യദീപത്തിൽ നിന്നുമായിരിക്കും സെമസ്റ്റർ പരീക്ഷയ്ക്ക് പൊതുവിജ്ഞാന ചോദ്യങ്ങൾ ഉണ്ടായിരിക്കുക. 2017 ജൂൺ മാസം മുതൽ ഓരോ പരീക്ഷയുടെയും രണ്ടാഴ്ച മുമ്പുവരെയുള്ള സത്യദീപത്തിൽ വന്നിട്ടുള്ള പൊതു കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തുക. കുട്ടികൾ സ്വന്തമാക്കിയിട്ടുള്ള ക്രിസ്തീയ കാഴ്ചപ്പാടുകളും മനോഭാവങ്ങളും വിലയിരുത്തുന്നതിന് സഹായകമായ ഉപന്യാസചോദ്യവും പൊതുവിജ്ഞാനത്തിന്റെ ഭാഗമായി പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

സത്യദീപം വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക, സത്യദീപത്തിന്റെ വരിക്കാരാകാൻ സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയും സഭാ

വാർത്തകൾ കുട്ടികൾ അറിഞ്ഞിരിക്കണമെന്ന ആഗ്രഹത്തോടെയുമാണ് സത്യദീപത്തിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുന്നത്. സാധ്യതയുള്ള ചോദ്യങ്ങൾ അദ്ധ്യാപകർ തന്നെ തയ്യാറാക്കി അതിന്റെ ഉത്തരങ്ങളും എഴുതി കൊടുത്ത് കുട്ടികളെ പഠിപ്പിക്കാൻ തീരുമാനിച്ചാൽ അത് നമ്മുടെ ലക്ഷ്യത്തെ പരാജയപ്പെടുത്തുകയായിരിക്കും ചെയ്യുക.

**2.4 ഉപപാഠപുസ്തകം:** 5 മുതൽ 8 വരെയുള്ള ക്ലാസുകളിൽ 'വിശുദ്ധരെ അറിയാൻ, അനുകരിക്കാൻ' എന്ന ഉപപാഠപുസ്തകവും പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സെമസ്റ്ററിലും രണ്ടു വിശുദ്ധരെ വീതം പരിചയപ്പെടുത്തുന്ന വിധമാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. 9-ാം ക്ലാസ്സിലെ ഉപപാഠപുസ്തകം 'ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും' എന്ന ഗ്രന്ഥമായിരിക്കും.

**2.5 ബൈബിൾ പഠനം**: കുട്ടികളുടെ വ്യക്തിപരമായ പഠനത്തിനും പ്രാർത്ഥനയ്ക്കുമായി 4 മുതൽ 12 വരെ ക്ലാസ്സുകളിൽ യേശുവിന്റെ ജനനം മുതൽ ഉത്ഥാനം വരെയുള്ള ബൈബിൾ ഭാഗങ്ങൾ നല്കിയിരിക്കുന്നു. ബൈബിൾ യേശുവിന്റെ ജീവചരിത്രമല്ല അവതരിപ്പിക്കുന്നത്. രക്ഷാകരചരിത്രത്തിലൂടെ കടന്നുപോകുവാൻ ഈ വിധത്തിലുള്ള ക്രമീകരണം സഹായിക്കുമെന്ന് കരുതുന്നു.

## 2. വാർഷിക പാഠ്യ പദ്ധതി

### നേഴ്സറി ക്ലാസ്

ഒന്നാം ക്ലാസ്സിനു മുമ്പേ കുഞ്ഞുങ്ങൾക്കു വിശ്വാസ ജീവിതത്തിന്റെ ലളിത പാഠങ്ങൾ പകർന്നു നൽകേണ്ടതു മാതാപിതാക്കളാണെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നാൽ തങ്ങളുടെ കുഞ്ഞുങ്ങളെ വേദപഠന നേഴ്സറി കൂട്ടായ്മയിലേക്ക് അയക്കുവാൻ താൽപര്യമുള്ള മാതാപിതാക്കളുണ്ടെങ്കിൽ ആ കുഞ്ഞുങ്ങളെ സ്വീകരിക്കാനും അവർക്കു വിശ്വാസത്തിന്റെ ബാലപാഠങ്ങൾ പാട്ടുകളിലൂടെയും കളികളിലൂടെയും ചിത്രങ്ങളിലുടെയും പകർന്നുകൊടുക്കുവാനും ശ്രദ്ധിക്കുമല്ലൊ. **നേഴ്സറി ക്ലാസ്സിൽ വന്നാൽ മാത്രമെ ഒന്നാം ക്ലാസ്സിലേക്ക് സ്വീകരിക്കുകയുള്ളു എന്ന നിബന്ധന ദയവായി വയ്ക്കരുത്.** പരീക്ഷകളോ യാതൊരുവിധത്തിലുള്ള വിലയിരുത്തലുകളോ നേഴ്സറി ക്ലാസ്സുകളിൽ ഉണ്ടാകരുതെന്നു വിനീതമായി ഓർമ്മിപ്പിക്കട്ടെ.

ഇളം മനസ്സുകളെ വിശ്വാസത്തിന്റെ വിവിധ മേഖലകളിലേക്കു കൈപിടിച്ചു നടത്താനും ദൈവമക്കളും സഭാമക്കളുമെന്ന നിലയിൽ വളർത്തിക്കൊണ്ടുവരാനും ഈ ക്ലാസ്സുകൾ ഉപകരിക്കും. കുട്ടികൾ മൂന്നു വയസ്സു മുതൽ പ്ലേ സ്കൂളിലും നേഴ്സറികളിലും പോയിത്തുടങ്ങുന്ന കാലമാ

ണിത്. ആ കാലഘട്ടത്തിൽത്തന്നെ അവർക്ക് ഇടവക ദേവാലയവും പരിസരവുമായും ഒരു ബന്ധമുണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട് എന്ന് മറക്കരുത്. നേഴ്സറിക്കൂട്ടായ്മയുടെ സമയക്രമവും ബോധന രീതികളും മറ്റും ഔദ്യേഗിക ഭാഷ കലർത്താതെ ഓരോ ഇടവകയുടേയും സാഹചര്യമനുസരിച്ചു ചെയ്യാവുന്നതാണ്.

പാഠ്യപദ്ധതി: 'ഈശോയുടെ കൂട്ടുകാർ' (15 അദ്ധ്യായം). ഇപ്പോൾ ഇംഗ്ലീഷ് പാഠപുസ്തകവും വിശ്വാസപരിശീലന കേന്ദ്രത്തിൽ ലഭ്യമാണ്. നേഴ്സറി ക്ലാസ്സുകൾ നടത്തുന്ന യൂണിറ്റുകൾ ഉണ്ടെങ്കിൽ പ്രവേശനോത്സവം നേഴ്സറി കുട്ടികൾക്കായി നടത്താവുന്നതാണല്ലോ. (2017 ജൂൺ 4) ആ ദിവസം കുട്ടികൾക്കു വേണ്ടി പ്രത്യേക പ്രാർത്ഥനയും വി. കുർബാനമദ്ധ്യേ കുട്ടികളുടെ മാതാപിതാക്കളോടൊപ്പം കാഴ്ചവയ്പും നടത്താവുന്നതാണ്. ഓരോ ഇടവകയുടേയും സാഹചര്യങ്ങൾ കണക്കിലെടുത്തു വേണ്ടവിധത്തിൽ ക്രമീകരിക്കാവുന്നതാണ്.

## ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകൾ

### ഒന്നാം സെമസ്റ്റർ

**1. പാഠാവലി:** 1–9 വരെയുള്ള അദ്ധ്യായങ്ങൾ.

**2. നമസ്ക്കാരങ്ങൾ:** (അതിരൂപത വിശ്വാസപരിശീന കേന്ദ്രം പ്രസിദ്ധീകരിച്ചിരിക്കുന്ന "നമസ്കാരങ്ങൾ" (ജപമാലയോടു കൂടിയത്) എന്ന പുസ്തകത്തിലെ ക്രമനമ്പറാണ് ഇവിടെ കൊടുത്തിരിക്കുന്നത്).

**1.** കുരിശടയാളം, **2.** ത്രിത്വസ്തുതി **3.** സ്വർഗ്ഗസ്ഥനായ പിതാവേ, **4.** നന്മനിറഞ്ഞ മറിയം, **7.** ത്രിസന്ധ്യാജപങ്ങൾ.

### രണ്ടാം സെമസ്റ്റർ

**1. പാഠാവലി:** 10–15 വരെയുള്ള അദ്ധ്യായങ്ങൾ (1–ാം ക്ലാസ്സിലെ പതിനൊന്നാം അദ്ധ്യായം പരീക്ഷയ്ക്ക് ഉൾപ്പെടുത്തേണ്ടതില്ല).

**2. നമസ്കാരങ്ങൾ:** **24.** എത്രയും ദയയുള്ള മാതാവേ, **25.** പ്രധാന പുണ്യപ്രവൃത്തികൾ, **30.** ദൈവീക പുണ്യങ്ങൾ

**3. ബൈബിൾ:** പാഠാവലിയിൽ കൊടുത്തിരിക്കുന്ന ദൈവ വചനങ്ങൾ മന:പാഠമാക്കാൻ നിർദ്ദേശിക്കുന്നത് നന്നായിരിക്കും.

**പരീക്ഷ:** ഒന്നു മുതൽ മൂന്നുവരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് വാചിക പരീക്ഷയാണ്. പഠിപ്പിക്കുന്ന അദ്ധ്യാപിക/അദ്ധ്യാപകൻ തന്നെ ചോദ്യങ്ങൾ തയ്യാറാക്കി വികാരിയച്ചനെയോ, അച്ചൻ നിശ്ചയിക്കുന്ന വ്യക്തിയെയോ കാണിച്ച് അംഗീകാരം വാങ്ങി പരീക്ഷ നടത്താവുന്നതാണ്. മറ്റു ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് ഒരാഴ്ച്ച മുൻപ് ഒന്നു മുതൽ

മൂന്നു വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് പരീക്ഷ നടത്തുന്നതിനും തടസ്സമില്ല. ഈ ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അമിത പ്രാധാന്യം നൽകരുത്.

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ ദൈവം സ്നേഹമാണെന്ന ആശയം കൊടുക്കുവാനും ദൈവം നമ്മോടുകൂടെയുണ്ട് എന്ന അവബോധം ജനിപ്പിക്കാനും ശ്രമിക്കുക. നിശബ്ദതയിൽ കുട്ടികളെ ഇരുത്തി പ്രാർത്ഥിക്കാൻ പരിശീലിപ്പിക്കുക. കുട്ടികൾക്ക് ഇഷ്ടമുള്ള ഈശോയുടെ ചിത്രങ്ങൾ കൊണ്ടുവരുവാൻ നിർദ്ദേശിക്കുക. എന്തുകൊണ്ട് ആ ചിത്രം ഇഷ്ടപ്പെട്ടു, ഈശോയക്കുറിച്ച് വീട്ടിൽ എന്താണ് പറഞ്ഞു തന്നിരിക്കുന്നത് തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ച് ഈശോ സ്നേഹമാണെന്ന അവബോധം ആരംഭത്തിൽ തന്നെ കുട്ടികൾക്ക് കൊടുക്കുക.

**പ്രവേശനോത്സവം –** (2017 ജൂൺ 04) ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ പ്രവേശനോത്സവം വിശ്വാസപരിശീലന വർഷാരംഭത്തോടനുബന്ധിച്ച് നടത്താവുന്നതാണ്

**രജിസ്ട്രേഷൻ –** ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ ഓൺ ലൈൻ (കാറ്റികോർപ്) രജിസ്ട്രേഷൻ ജൂൺ മാസത്തിലെ അവസാന ഞായറാഴ്ച്ചയോടെ (2017 ജൂൺ 25) പൂർണ്ണമാക്കിയിരിക്കണം.

## നാല്, അഞ്ച്, ആറ്, ക്ലാസ്സുകൾ

### ഒന്നാം സെമസ്റ്റർ

**1. പാഠാവലി:** 1–9 വരെയുള്ള അദ്ധ്യായങ്ങൾ ( 6–ാം ക്ലാസ്സിലെ ഏഴാം അദ്ധ്യായം പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതല്ല).

**2. നമസ്ക്കാരങ്ങൾ:** **5.** വിശ്വാസ പ്രമാണം, **8.** പരിശുദ്ധ രാജ്ഞി, **9.** ദൈവകല്പനകൾ, **10.** തിരുസ്സഭയുടെ കല്പനകൾ, **11.** കൂദാശകൾ, **18.** കാരുണ്യ പ്രവൃത്തികൾ, **22.** മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും, **23.** മൗലിക സുകൃതങ്ങൾ, സന്തോഷത്തിന്റെ രഹസ്യങ്ങൾ (VI).

**3. ഉപപാഠം:** (V വി. ഫ്രാൻസീസ് അസ്സീസ്സി, വി. ഡൊമിനിക് സാവിയോ). (VI വി. മാർട്ടിൻ ഡി പോറസ്സ് – മലയാളം; വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ – ഇംഗ്ലീഷ് & മലയാളം; വി. കുഞ്ഞച്ചൻ – ഇംഗ്ലീഷ്).

**4. ബൈബിൾ ഭാഗം:** ലൂക്ക 1: 26–56; മത്താ 1: 18–25 (IV); മത്താ 2:1–23; ലൂക്ക 2:1–40 (V); ലൂക്ക 2: 41–52; മത്താ 3: 1–12 (VI).

**5. പൊതുവിജ്ഞാനം:** രണ്ടു സെമസ്റ്ററിലും 4, 5, 6 ക്ലാസിലേക്കുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ അതിരൂപതയുടെ പ്രസിദ്ധീകരണമായ "സത്യദീപ"ത്തിലെ കാറ്റ് പ്ലസ്സ് എന്ന സപ്ലിമെന്റിൽ നിന്നായിരിക്കും.

**രണ്ടാം സെമസ്റ്റർ**

**1. പാഠാവലി:** (10-15 വരെയുള്ള അദ്ധ്യയങ്ങൾ (4-ാം ക്ലാസ്സിലെ പതിനാലം അദ്ധ്യായവും 5-ാം ക്ലാസ്സിലെ പതിനഞ്ചാം അദ്ധ്യായവും പരീക്ഷയ്ക്ക് ഉണ്ടായിരിക്കുകയില്ല).

**2. നമസ്കാരങ്ങൾ: 6.** കുമ്പസാരത്തിനുള്ള ജപം, **12.** നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ, **13.** പരിശുദ്ധകുർബ്ബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ, **14.** വിശ്വാസ പ്രകരണം, **15.** പ്രത്യാശ പ്രകരണം, **16.** സ്നേഹ പ്രകരണം, **17.** മന:സ്താപ പ്രകരണം, **28.** പരിശൂദ്ധാരൂപിക്ക് എതിരായ പാപങ്ങൾ, **31.** ദൈവസന്നിധിയിൽ പ്രതികാരത്തിനായ് ആവശ്യപ്പെടുന്ന പാപങ്ങൾ, പ്രകാശത്തിന്റെ രഹസ്യങ്ങൾ (VI).

**3. ഉപപാഠം:** (V വി. അൽഫോൻസാമ്മ, വി. ചാവറ കുര്യാക്കോസ് ഏലിയാസ്). (VI വി. ഇഗ്നേഷ്യസ് ലൊയോള, വി. പത്താം പിയൂസ്).

**4. ബൈബിൾ ഭാഗം:** മത്താ 3:13-17; ലൂക്ക 3: 1-20; യോഹ 1:19-42 (IV); മത്താ 4: 1-25; ലൂക്ക 4: 1-13 (V); ലൂക്ക 4: 14-43; മർക്കോ 1:14-45 (VI).

**5. പൊതുവിജ്ഞാനം:**

## പരീക്ഷാരീതി - നാല്, അഞ്ച്, ആറ് ക്ലാസ്സുകൾ

ഈ വർഷം നാല്, അഞ്ച്, ആറ് ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് തങ്ങളുടെ നോട്ട് ബുക്ക് (ക്ലാസ്സ് ടെക്സ്റ്റ് ബുക്കല്ല) നോക്കി പരീക്ഷ എഴുതാൻ അവസരം കൊടുക്കുകയാണ്. സ്കോളർഷിപ്പിനർഹരായ കുട്ടികൾക്കുപോലും മലയാളം ശരിയായി എഴുതാനറിയില്ല. അതുകൊണ്ട് തന്നെ ക്ലാസ്സിൽ നോട്ടെഴുതാൻ കുട്ടികളെ പ്രേരിപ്പിക്കുകയും രണ്ടാഴ്ച്ചയിലൊരിക്കൽ നോട്ടു ബുക്ക് അദ്ധ്യാപകർ പരിശോധിക്കുകയും വേണം. നോട്ടു ബുക്കിലേക്ക് പകർത്തിയെഴുതാനായിട്ടെങ്കിലും കുട്ടികൾ പുസ്തകം ഒരാവർത്തിയെങ്കിലും വായിക്കുമെന്ന് പ്രതീക്ഷയുണ്ട്. നോട്ട് ബുക്ക് തുറന്നു നോക്കി എഴുതാൻ അവസരം കൊടുത്താലും ക്ലാസ്സ് ടെക്സ്റ്റ് വായിക്കാത്ത ഒരു കുട്ടിക്കും കൃത്യമായി എഴുതാൻ സാധിക്കുകയില്ലായെന്ന് Open Note Book Exam-ൽ പങ്കെടുത്തിട്ടുള്ളവർക്ക് മനസ്സിലാകും. എന്നാൽ കാണാപാഠം പഠിക്കണമെന്ന മാനസിക സംഘർഷമില്ലാതെ കുട്ടികൾക്ക് പരീക്ഷയെഴുതാനാകും.

ഈ ക്ലാസ്സിലെ കുട്ടികൾക്ക് അതിരൂപത തലത്തിൽ സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല. സ്കോളർഷിപ്പിനർഹമായ മാർക്ക് വാങ്ങുന്നവർക്കോ, കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്കോ ഇടവകതലത്തിൽ

സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുമല്ലൊ. സ്വന്തം ഇടവകയിൽ, അവരുടെ കൂട്ടുകാരുടെയിടയിൽ അംഗീകരിക്കപ്പെടുന്നതായാരിക്കും കുട്ടികൾക്ക് കൂടുതൽ ആത്മവിശ്വാസം പകരുന്നത്.

## ഏഴ് എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകൾ

### ഒന്നാം സെമസ്റ്റർ

**1. പാഠാവലി:** 1-9 വരെ (8 -ാം ക്ലാസ്സിലെ ആറാം അദ്ധ്യായവും 9-ാം ക്ലാസ്സിലെ രണ്ടാം അദ്ധ്യായവും 10-ാം ക്ലാസ്സിലെ അഞ്ചാം അദ്ധ്യായവും പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതല്ല).

**2. നമസ്ക്കാരങ്ങൾ: 19.** മനുഷ്യന്റെ അന്ത്യങ്ങൾ, **20.** സുവിശേഷഭാഗ്യങ്ങൾ, **21.** സത്യസഭയുടെ ലക്ഷണങ്ങൾ, **26.** പരിശുദ്ധാരൂപിയുടെ ദാനങ്ങൾ, **27.** പരിശുദ്ധാരൂപിയുടെ ഫലങ്ങൾ, **29.** ദൈവത്തിന്റെ ലക്ഷണങ്ങൾ, **32.** സുവിശേഷത്തിലെ വിശിഷ്ട ഉപദേശങ്ങൾ, ദു:ഖകരമായ രഹസ്യങ്ങൾ.

**3. ഉപപാഠം:** (VII വി. ഫ്രാൻസ്സീസ് സേവ്യർ, വി. അന്തോണീസ്). (VIII വി. മാക്സ്മില്യൻ കോൾബേ, വി. വിൻസെന്റ് ഡി പോൾ). (IX ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും 1-6).

**4. ബൈബിൾ ഭാഗം:** യോഹ 2:1-25; ലൂക്ക 5:1-11; മർക്കോ 2:1-17 (VII); മത്താ 5:1-26; മർക്കോ 3:1-19; ലൂക്ക 5: 12-32 (VIII); മത്താ 5:27-48; ലൂക്ക 6: 20-49; മർക്കോ 4: 1-41 (IX); മത്താ 6: 1-34; മർക്കോ 6: 1-56; ലൂക്കാ 9: 1-48 (X).

**5. പൊതുവിജ്ഞാനം:** രണ്ടു സെമസ്റ്ററുകളിലും 2017 ജൂൺ മാസം മുതൽ ഓരോ പരീക്ഷയുടെയും രണ്ടാഴ്ച്ച മുൻപു വരെയുള്ള സത്യദീപത്തിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഇടുക.

### രണ്ടാം സെമസ്റ്റർ

**1. പാഠാവലി:** 10-15 വരെ (8-ാം ക്ലാസ്സിലെ പതിനഞ്ചാം അദ്ധ്യായവും 9-ാം ക്ലാസ്സിലെ പതിനഞ്ചാം അദ്ധ്യായവും പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതല്ല)

**2. നമസ്കാരങ്ങൾ:** എട്ടാം ക്ലാസ്സ് രണ്ടാം സെമസ്റ്ററോടുകൂടി കുട്ടികൾ എല്ലാ നമസ്കാരങ്ങളും അറിഞ്ഞിരിക്കണം. എട്ടാം ക്ലാസ്സിലും അതിനു മുകളിലേക്കുള്ള ക്ലാസ്സുകളിലും പരീക്ഷയ്ക്ക് ഏതു നമസ്കാരവും ചോദിക്കാം. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല, ഈശോയുടെ തിരുഹൃദയ ജപമാല.

**3. ഉപപാഠം:** (VII വി. മരിയ ഗൊരേത്തി, വി. അലോഷ്യസ് ഗൊൺസാഗ). (VIII വി. ഡാമിയൻ, വി. മദർ തെരേസ). ("ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും" 7-11).

**4. ബൈബിൾ ഭാഗം:** മത്താ 6: 1–34; മർക്കോ 7: 1–23; ലൂക്ക 8: 16–39 (VII); മത്താ 7:1–28; യോഹ 3: 1–21; യോഹ 4: 1–42 (VIII); മത്താ 15: 1–28; മർക്കോ 8:11–38; യോഹ 9:1–41 (IX); യോഹ 4: 1–42; ലൂക്കാ 14: 1–35; മത്താ 7: 1–29 (X).

**5. പൊതുവിജ്ഞാനം:**

## പ്ലസ്സ് വൺ, പ്ലസ്സ് ടു ക്ലാസ്സുകൾ

### ഒന്നാം സെമസ്റ്റർ

**1. പാഠാവലി:** 1–7 വരെയുള്ള അദ്ധ്യായങ്ങൾ.

**2. നമസ്കാരങ്ങൾ:** എല്ലാം അറിഞ്ഞിരിക്കണം (1–32), മാതാവിന്റെയും തിരുഹൃദയത്തിന്റെയും ജപമാലകൾ.

**3. ബൈബിൾ ഭാഗം:** മർക്കോ 10: 1–52; മത്താ 23: 1–39; ലൂക്ക 12: 1–34 (XI); മർക്കോ 12: 1–44; യോഹ 13: 1–38; ലൂക്ക 10:1–42 (XII).

**4. പൊതുവിജ്ഞാനം:** രണ്ടു സെമസ്റ്ററുകളിലും 2017 ജൂൺ മാസം മുതൽ ഓരോ പരീക്ഷയുടെയും രണ്ടാഴ്ച്ച മുൻപു വരെയുള്ള സത്യദീപത്തിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഇടുക.

### രണ്ടാം സെമസ്റ്റർ

**1.പാഠാവലി:** 8–12 വരെയുള്ള അദ്ധ്യായങ്ങൾ.

**2. നമസ്കാരങ്ങൾ:** എല്ലാം അറിഞ്ഞിരിക്കണം (1–32), മാതാവിന്റെയും തിരുഹൃദയത്തിന്റെയും ജപമാലകൾ.

**3. ബൈബിൾ ഭാഗം:** മർക്കോ 14: 1–72; മത്താ 25: 1–46; ലൂക്ക 19: 1–48(XI); ലൂക്ക 23: 1–56; യോഹ 20: 1–31; മത്താ 28: 1–20; ലൂക്ക 24: 13–53 (XII).

**4. പൊതുവിജ്ഞാനം:**

## IV മുതൽ IX വരെയുള്ള ക്ലാസ്സുകൾ

### പ്രമോഷൻ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| **i. ഹാജർ** | – | 80% എങ്കിലും വേണം |
| ഒന്നാം സെമസ്റ്റർ പരീക്ഷ | – | 35% മാർക്ക് |
| രണ്ടാം സെമസ്റ്റർ പരീക്ഷ | – | 35% മാർക്ക് |
| ഇന്റൻസീവ് കോഴ്സ് | – | 35% മാർക്ക് |
| ഇന്റേണൽ അസസ്സ്മെന്റ് | – | 40% എങ്കിലും |

**ഹാജർ:** 80% ഹാജർ നിർബന്ധമായും എല്ലാ കുട്ടികൾക്കും ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ 80% ഹാജർ ഇല്ലാതെ പോകുന്ന കുട്ടികളെ തോല്പിക്കുന്നതിനുപകരമായി പ്രത്യേക ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയോ, വ്യത്യസ്തമായ പരീക്ഷ രീതികൾ അവലംബിക്കുകയോ ചെയ്യുന്നതായിരിക്കും ഉചിതം. തോല്പി

ക്കുകയെന്നത് ഒരു പൊതു നയമായി സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വേണ്ട തീരുമാനമെടുക്കുമല്ലൊ. പരീക്ഷയിൽ ജയിക്കുന്ന കുട്ടികളുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടത്, തോറ്റവരെ വ്യക്തിപരമായി അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലൊ.

**ii. സെമസ്റ്റർ പരീക്ഷകൾ**

ഒന്നാം സെമസ്റ്റർ പരീക്ഷ 2017 നവംബർ 05, 10.30 am - 12.30 pm

രണ്ടാം സെമസ്റ്റർ പരീക്ഷ 2018 ഫെബ്രുവരി 25, 10.30 am - 12.30 pm

## പരീക്ഷയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ

35 മാർക്കിനുള്ള ചോദ്യങ്ങളെ ഉണ്ടാകു. എന്നാൽ 35-ൽ 12 മാർക്ക് (35%) കിട്ടിയാലെ കുട്ടി ജയിച്ചതായി കണക്കാക്കാവൂ. 12 മാർക്ക് കണക്കാക്കേണ്ടത് ഇന്റേണൽ അസ്സസ്സ്മെന്റ് കൂടി ഉൾപ്പെടുത്തിയാകരുത്. എല്ലാ ക്ലാസ്സിലും പഠന വൈകല്യമുള്ള കുട്ടികൾ ഉണ്ടാകാം. അവരുടെ കാര്യം പ്രത്യേകം പരിഗണിക്കുകയും വേണം. സ്കൂളുകളിൽ പുലർത്തുന്ന നിലവാരം അന്വേഷിച്ചാൽ ഓരോ കുട്ടിയുടെയും പഠന നിലവാരം മനസ്സിലാക്കാനാവുമല്ലൊ. സെമസ്റ്റർ പരീക്ഷയ്ക്ക് ജയിക്കാനുള്ള മാർക്ക് കിട്ടിയില്ലെങ്കിൽ പുന:പരീക്ഷ നടത്തി (വികാരിയച്ചന്റെ അനുവാദത്തോടെ വാചിക പരീക്ഷയുമാകാം) ജയിപ്പിക്കുകയെന്നതാണ് ഉത്തമം. തോറ്റ കുട്ടികളുടെ ലിസ്റ്റ് പരസ്യമായി നോട്ടീസ് ബോർഡിൽ ഇടരുതെന്നു പ്രത്യേകം അഭ്യർത്ഥിക്കുന്നു..

**പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ:** കുട്ടികളുടെ ഓൺലൈനിലുള്ള Strength List അനുസരിച്ചായിരിക്കും ചോദ്യപേപ്പറുകളും മറ്റും ഇടവകയിലേക്കയയ്ക്കുന്നത്.

**iii. ഇന്റൻസീവ് കോഴ്സ്**

ഇന്റൻസീവ് കോഴ്സിൽ എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുത്തിരിക്കണം. ഓരോ ഇടവകയിലും ഇന്റൻസീവ് കോഴ്സിനുശേഷം കുട്ടികളുടെ അടുത്തു നിന്നും റിവ്യൂ എഴുതി വാങ്ങുക. അവർക്ക് ഈ ദിവസങ്ങളിൽ ലഭിച്ച ഉൾക്കാഴ്ച്ചകൾ, ഹൃദയത്തിൽ പതിഞ്ഞ ആശയങ്ങൾ തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാകണം എഴുതേണ്ടത്. അവർക്ക് ലഭിച്ച ഉൾക്കാഴ്ച്ചകൾ കവിതയായോ, ചെറുകഥയായോ, ലേഖനമായോ, പ്രസംഗമായോ എഴുതി കൊണ്ടുവരാൻ ആവശ്യപ്പെടുക. പൊതുവായി ക്ലാസ്സിലോ സമ്മേളനത്തിലോ അവതരിപ്പിക്കാൻ അവസരം കൊടുത്താൽ അത് വളരെ പ്രോത്സാഹജനകമായിരിക്കും.

കുട്ടികളുടെ പങ്കാളിത്തവും അവർ തരുന്ന അവലോകനവും വിലയിരുത്തി മാർക്കിടാവുന്നതാണ്.

**iv. ഇന്റേണൽ അസ്സസ്മെന്റ്:** അദ്ധ്യാപകന്റെ/മാതാപിതാക്കളുടെ വിലയിരുത്തലിന് പൊതുവായ ചില മാനദണ്ഡങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം അദ്ധ്യാപകൻ/അദ്ധ്യാപിക കാണിക്കുന്ന ശ്രദ്ധയും കുട്ടിയെക്കുറിച്ചുള്ള കരുതലുമാണ്. കുട്ടികളോടൊപ്പം അനുയാത്ര ചെയ്യുന്ന അദ്ധ്യാപകർ തന്റെ ക്രിസ്തീയ മന:സാക്ഷിയോടു പര്യാലോചിച്ചും ആത്മാർത്ഥതയോടെയും വേണം ഈ വിലയിരുത്തൽ നടത്തേണ്ടത്. ബ. വികാരിയച്ചന്റെ അഭിപ്രായവും കേൾക്കുന്നത് വളരെ നല്ലതാണ്. കുട്ടികളിൽ കണ്ട നല്ല കാര്യങ്ങൾ പറയുകയും തിരുത്തേണ്ട കാര്യങ്ങൾ സ്നേഹപൂർവ്വം അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം. ഇന്റേണൽ അസ്സസ്സ്മെന്റ് നടത്തുമ്പോൾ ഒന്നാമതായി കൊടുത്തിരിക്കുന്ന കാര്യത്തെക്കുറിച്ച് മാതാപിതാക്കളാണ് മാർക്ക് ഇടേണ്ടത്. ഓരോ സെമസ്റ്ററിന്റെയും അവസാനം മാതാപിതാക്കൾക്ക് മാർക്കിടാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അദ്ധ്യാപകർ എഴുതി ഒരു സ്ലിപ്പ് മാതാപിതാക്കൾക്ക് കൊടുക്കണം.

1. ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമുള്ള വിശുദ്ധകുർബ്ബാനയിലെ പങ്കാളിത്തം, (കുർബ്ബാന സ്വീകരണം, ദേവാലയത്തിലെ പെരുമാറ്റം) കുടുബ പ്രാർത്ഥനയിലും ഭക്തസംഘടനകളിലും കുടുംബയൂണിറ്റിലുമുള്ള ഭാഗഭാഗിത്വം - **മാർക്ക് 5.**

2. വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം - ഹാജർ, അച്ചടക്കം, സ്വഭാവ സവിശേഷതകൾ, സേവന മനോഭാവം, പരസ്നേഹ പ്രവർത്തനങ്ങൾ, സാമൂഹ്യ പ്രതിബദ്ധത - **മാർക്ക് 5.**

3. അദ്ധ്യാപകൻ നൽകുന്ന ഹോം വർക്ക് (ഒരു ലേഖനം വായിച്ച് അതിന്റെ സംഗ്രഹം, പൊതുവായ പ്രശ്നങ്ങളെക്കുറിച്ചുള്ള ലേഖനം തുടങ്ങിയ വിഷയങ്ങൾ എഴുതാൻ ആവശ്യപ്പെടുകയും അതനുസരിച്ചുള്ള വിലയിരുത്തലും) - **മാർക്ക് 5.**

ആവറേജ് - 3, (ഉദാ. ആഴ്ച്ചയിൽ മൂന്നു ദിവസം കുർബ്ബാനയ്ക്കു വന്നാൽ) ആവറേജിന് താഴെ (0-2) - മുകളിൽ (4-5).

ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ദേവാലയത്തിൽ വരാത്തതും കൃത്യമായി വേദപാഠക്ലാസിൽ ഹാജരാകാത്തതുമായ ഒരു കുട്ടിക്ക് പരീക്ഷയിൽ നിശ്ചിത മാർക്ക് കിട്ടിയാലും സ്കോളർഷിപ്പ് നൽകാൻ സാധിക്കില്ലായെന്ന കാര്യം പ്രത്യേകം അദ്ധ്യാപകർ ഓർത്തിരിക്കണം.വേദപാഠ ക്ലാസ്സിൽ 80% ഹാജർ ഇല്ലാത്ത കുട്ടിക്ക് ഇന്റേണൽ അസ്സസ്മെന്റിന് അദ്ധ്യാപകൻ മുഴുവൻ മാർക്കും കൊടുക്കുന്നത് ഉചിതമല്ല.

അദ്ധ്യാപകരുടെ വലിയ ഉത്തരവാദിത്വത്തെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓരോ കുട്ടിയെയും കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ – നന്മയായതും മാറ്റേണ്ടതും – കുറിച്ചുവയ്ക്കുന്നത് നല്ലതാണ്. കുട്ടികളിൽ ക്രിസ്തീയ സ്വഭാവരൂപീകരണം സാധ്യമാവുക എന്നതിനാണ് പ്രാധാന്യം കൊടുക്കേണ്ടത്. നമ്മുടെ ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ സമയാസമയങ്ങളിൽ കുട്ടികളെ തിരുത്താനും ഉപദേശിക്കാനും പ്രോത്സാഹിപ്പിക്കാനും സമയം കണ്ടെത്തണം. കുട്ടികളുടെ മാതാപിതാക്കളുമായി നല്ല ബന്ധം ഉണ്ടാകുകയും കുട്ടികളുടെ സ്വഭാവ രൂപീകരണത്തെപ്പറ്റി അവരുമായി സംസാരിക്കുകയും ചെയ്യണം. മാതാപിതാക്കൾ എത്രമാത്രം ശ്രദ്ധിക്കുന്നോ അത്രമാത്രം കുട്ടികൾ നല്ലവരാകും.

ഒരു പക്ഷേ നിങ്ങളേക്കാൾ കൂടുതലായി കുട്ടിയെ അറിയാവുന്നവരായിരിക്കും ബ. അച്ചന്മാർ. അവരുമായി ചർച്ചചെയ്ത ശേഷം മാത്രം ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് തീരുമാനിക്കുന്നതാകും അഭികാമ്യം.

## സ്കോളർഷിപ്പ്

7 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ രണ്ടു സെമസ്റ്റർ പരീക്ഷകളിലും 80% വും അതിന് മുകളിലും മാർക്ക് ലഭിക്കുന്ന കുട്ടികളുടെ പേപ്പറുകൾ അതിരൂപതാ തലത്തിൽ പുനഃപരിശോധന നടത്തി 90% വും അതിന് മുകളിലും മാർക്ക് ലഭിക്കുന്നവർക്ക് (A+grade) അതിരൂപതാതലത്തിൽ അവാർഡുകളും 80% ത്തിനും 90% ത്തിനും ഇടയിൽ മാർക്ക്ലഭിക്കുന്നവർക്ക് (A grade) അതിരൂപതയിൽ നിന്ന് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

സെമസ്റ്റർ പരീക്ഷകളെ ഗൗരവപൂർവ്വം കാണേണ്ടതുള്ളതിനാൽ ഓരോ സെമസ്റ്ററിലും 80% (35 ൽ 28 മാർക്ക്, separate minimum) ഉണ്ടായാൽ മാത്രമേ അവരെ സ്കോളർഷിപ്പിന് പരിഗണിക്കുകയുള്ളു. സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, പിഴവുകളൊന്നും കൂടാതെ സുതാര്യമാക്കാനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അതിരൂപതാതലത്തിൽ പുനർമൂല്യനിർണ്ണയം നടത്തുമ്പോൾ 80% ൽ താഴെ മാർക്ക് ലഭിച്ചാൽ ആ പേപ്പറുകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല. ആദ്യത്തെ സെമസ്റ്റർ പരീക്ഷയിൽത്തന്നെ അതിരൂപതാതല പുനർമൂല്യനിർണ്ണയത്തിൽ 80% ത്തിൽ കുറവ് മാർക്ക് ലഭിച്ച കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ 80% മാർക്ക് ലഭിച്ചാലും ആ കുട്ടികളുടെ പേപ്പറുകൾ അതിരൂപതയിലേക്ക് അയയ്ക്കേണ്ടതില്ല. രണ്ട് സെമസ്റ്ററിലും 80ശതമാനമോ അതിൽ കൂടുതലോ മാർക്ക് വേണമെന്നതാണ് നിബന്ധന. A+-ലേക്ക് എത്തുന്ന പേപ്പറുകളുടെ വിലയിരുത്തലുകൾ ഏറ്റവും കൃത്യതയോടെയായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ.

ഇടവകകളിൽ നിന്നും നൽകുന്ന പേപ്പറുകൾ പുനർമൂല്യനിർണ്ണയം നടത്തി കുറവു മാർക്കു ലഭിച്ചാൽ അവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതാണ്. വിവരം ഇടവകയിൽ അറിയിക്കുകയും ചെയ്യും.

അതിരൂപതാതല മൂല്യ നിർണ്ണയത്തിൽ പരാതിയുള്ളവർക്ക് വികാരിയച്ചന്റെ കത്തുമായി പുനർമൂല്യനിർണ്ണയത്തിന് അതിരൂപതാ കേന്ദ്രത്തെ സമീപിക്കാം. വിദഗ്ദ്ധ സമിതി അത് പരിശോധിച്ച് അന്തിമ തീരുമാനം ഇടവകയെ അറിയിക്കുന്നതാണ്.

2017 നവംബർ 05-ന് നടക്കുന്ന ഒന്നാം സെമസ്റ്റർ പരീക്ഷയിൽ 80% ത്തിലധികം മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും നവംബർ 19-നു മുമ്പായി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്. 2018 ഫെബ്രുവരി 25-ന് നടക്കുന്ന രണ്ടാം സെമസ്റ്റർ പരീക്ഷയിൽ 80%ത്തിലധികം മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും 2018 മാർച്ച് 11-നു മുമ്പായി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

## പരീക്ഷയുടെ ചോദ്യരീതിയും മാർക്ക് വിഭജനവും

ഓരോ ക്ലാസ്സിലും കുട്ടികൾ പഠിക്കേണ്ട ഭാഗങ്ങൾ ആദ്യഭാഗത്ത് കൊടുത്തിട്ടുണ്ട്. സിലബസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത് - പാഠഭാഗം, നമസ്കാരങ്ങൾ, പൊതുവിജ്ഞാനം, ബൈബിൾ, ഉപപാഠം എന്നതാണല്ലോ. ഓരോ ക്ലാസ്സിലേക്കും പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്നതെല്ലാം തുല്യ പ്രാധാന്യത്തോടെ കുട്ടികളെ പഠിപ്പിക്കണം. അതുകൊണ്ട് തന്നെ എത്ര ശതമാനത്തിന്റെ ചോദ്യങ്ങൾ ഒരോ ഭാഗത്തുനിന്നും ഉണ്ടാകും എന്ന് കണക്കാക്കിയല്ല പഠിപ്പിക്കേണ്ടത്. ചോദ്യങ്ങളുടെ ശതമാനകണക്ക് ഇവിടെ ചേർക്കുന്നില്ലായെന്ന കാര്യം ശ്രദ്ധിക്കുമല്ലോ. അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം സ്കോളർഷിപ്പോ, സ്വന്തം ക്ലാസ്സിലോ, യൂണിറ്റിലോ നൂറു ശതമാനം വിജയമോ അല്ല. ക്രിസ്തുവിന്റെ മനോഭാവങ്ങൾ സ്വായത്തമാക്കി കൂടുതൽ ക്രൈസ്തവമായി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക, ക്രിസ്തീയ വിശ്വാസത്തിൽ ആഴപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രഥമമായി നമ്മുടെ മനസ്സിൽ ഉണ്ടാകേണ്ടത്. കുട്ടികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി ഓരോ പാഠഭാഗത്തെയും, ബൈബിൾ വചനങ്ങളെയും വ്യാഖ്യാനിക്കാനുള്ള കഴിവാണ് അദ്ധ്യാപകർ ആർജ്ജിച്ചിടുക്കേത്.

1. ഒരു മാർക്കിന്റെ പത്ത് ചോദ്യങ്ങൾ (10)
2. രണ്ടു മാർക്കിന്റെ ആറ് ചോദ്യങ്ങൾ (12)
3. നാലു മാർക്കിന്റെ രണ്ട് ചോദ്യങ്ങൾ (8) (പാഠഭാഗം)

4. അഞ്ച് മാർക്കിന്റെ ഒരു ചോദ്യം. (5) - പൊതുചോദ്യം
5. ഇന്റേണൽ അസ്സസ്മെന്റ് (10+5)

## കൈയെഴുത്ത് മാസിക
## കലാസാഹിത്യ മത്സരങ്ങൾ

കുട്ടികളുടെ കലാസാഹിത്യ വാസനകൾ വർദ്ധിപ്പിക്കുന്നതിനാണ് ഇടവകതലത്തിൽ കൈയെഴുത്ത് മാസികകൾ തയ്യാറാക്കണമെന്ന് ആവശ്യപ്പെടുന്നത്. ഇടവക തലത്തിൽ കലാസാഹിത്യ മത്സരങ്ങൾ നടത്തി എഴുതാനുള്ള പ്രേരണ കുട്ടികളിൽ വളർത്താവുന്നതാണ്. ചെറുകഥ, കവിത, ലേഖനം തുടങ്ങിയ രചനകളാണ് കുടുതലായി പ്രതീക്ഷിക്കുന്നത്. എല്ലാ കുട്ടികളുടെയും രചനകൾ ഉൾപ്പെടുത്തി കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കുകയും 2018 ജനുവരി മാസം 7-ാം തിയതിക്കകം ഫൊറോന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം. വൈകി ലഭിക്കുന്നവ പരിഗണിക്കുന്നതല്ല. പ്രസിദ്ധീകരണയോഗ്യമെന്ന് കരുതുന്ന രചനകളുടെ കോപ്പി പ്രത്യേകമായി എഴുതി നല്കേണ്ടതാണ്. ഓരോ വിഭാഗത്തിൽ നിന്നും വിദഗ്ദസമിതി തെരഞ്ഞെടുക്കുന്ന, പ്രസിദ്ധീകരണയോഗ്യമായ രചനകൾ അതിരൂപത തലത്തിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. അതിരൂപത തലത്തിൽ പരിഗണിക്കപ്പെടേണ്ട രചനകൾക്കുള്ള നിബന്ധനകൾ താഴെ കൊടുക്കുന്നു.

**നിബന്ധനകൾ (Rules & Regulations)**

- കൈകാര്യം ചെയ്യുന്ന വിഷയത്തോട് നീതി പുലർത്തുക
- ആഖ്യാനഭാഷയുടെ ശുദ്ധി
- നൂതനമായ ആശയങ്ങൾ
- ലേഖനം - Maximum 5 (A4 പേജ്) ഒരു പുറം
- കവിത - Maximum 20 വരികൾ
- കഥ - Maximum 3 (A4 പേജ്) ഒരു പുറം
- രചനകൾ ഇതുവരെയും എവിടെയും പ്രസിദ്ധീകരിക്കാത്തതായിരിക്കണം

## 'Enlight 2017'

☞ VIII ക്ലാസ്സിലെ കുട്ടികൾക്കായ്

To enlighten and empower children in christian values and sexual knowledge

☞ എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഫൊറോന തലത്തിൽ ഏകദിന ശില്പശാല.

‘‘നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?’’ (1കൊറി. 6:19).

☞ ലക്ഷ്യങ്ങൾ:

ക്രൈസ്തവ മൂല്യങ്ങളിലും ശരിയായ ലൈംഗീക ജ്ഞാനത്തിലും ശക്തിപ്പെടുത്തുക

മാറുന്ന മൂല്യ സങ്കല്പങ്ങൾക്ക് നടുവിൽ ക്രിസ്തീയ തനിമയും മൂല്യബോധവും വീണ്ടെടുക്കുക

അപക്വവും അപര്യാപ്തവുമായ ലൈഗീക ജ്ഞാനത്തിന്റെ അപകടം തിരിച്ചറിയുക

അധാർമ്മികതയിലേക്കും അബദ്ധങ്ങളിലേക്കും നയിക്കുന്ന ചതിക്കുഴികൾ മനസ്സിലാക്കുക

ഈ കാലഘട്ടത്തിൽ അവർക്ക് ശരിയായ ലൈംഗീക ജ്ഞാനവും മൂല്യബോധവുമേകാൻ ഇളംപ്രായത്തിലേ ഒരുമിച്ചു കൂട്ടി വെളിച്ചം പകരാം. പ്രകാശിതരാക്കാം. 8–ാം ക്ലാസിലെ വിദ്യാർത്ഥികളെ ഫൊറോനാതലത്തിൽ ഒരുമിച്ചു കൂട്ടി ചില ഉൾക്കാഴ്ചകൾ നല്കാം.

ഓരോ ഫൊറോനയിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിൽ ഒരു മുഴുവൻ ദിന പരിപാടിയായിട്ടാണ് ഇത് നടത്തപ്പെടുന്നത്. വിശദമായ ടൈംടേബിൾ ഇതോടൊപ്പം നൽകുന്നുണ്ട്. അതിരൂപതയിൽ നിന്നും നല്കപ്പെടുന്ന റിസോഴ്സ് ടീം ആണ് ഓരോ ഫൊറോനയിലും ഇതിന് നേതൃത്വം നല്കുക. ശനിയാഴ്ചകളിലും മററ് അവധി ദിവസങ്ങളിലുമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഈ പ്രോഗ്രാമിൽ കുട്ടികളുടെ പങ്കാളിത്തം നിർബന്ധമാണ്.

## Time Table

| | |
|---|---|
| 9.00 am | Registration |
| 9.15 am | Inauguration / Introduction |
| 9.30 am | Session I (Need to identify the Christian identity) |
| 10.30 am | Break |
| 10.45 am | Session II (Know that I am a sexual / Sensual Being) |
| 12.15 pm | Holy Mass |
| 1.00 pm | Lunch Break |
| 1.30 pm | An interactive session |
| 2.45 pm | Session III |
| 3.45 pm | Evaluation |
| 4.00 pm | Good Bye |

## X-ാം ക്ലാസ്സ്

## പ്രമോഷൻ മാനദണ്ഡങ്ങൾ

1. ഹാജർ - 80 ശതമാനം എങ്കിലും വേണം

2. ഓരോ സെമസ്റ്ററിലേയും പരീക്ഷയ്ക്ക് - 35 ശതമാനം അതായത് 40 മാർക്കിൽ 14 മാർക്ക്

3. ഇന്റേണൽ അസസ്സ്മെന്റ് - 40 ശതമാനം - 10 ൽ 4 മാർക്ക്

4. സ്നേഹോത്സവം - പങ്കാളിത്തമാണ് പ്രധാനം.

## സെമസ്റ്റർ പരീക്ഷകൾ

ഒന്നാം സെമസ്റ്റർ പരീക്ഷ 2017 നവംബർ 05 ഞായർ 10.30 am - 12.30 pm

രണ്ടാം സെമസ്റ്റർ പരീക്ഷ 2018 ജനുവരി 28 ഞായർ 2.00 pm - 4.00 pm

## പത്താം ക്ലാസ്സിലെ പരീക്ഷ ശ്രദ്ധിക്കുക

പത്താം ക്ലാസ്സിലെ കുട്ടികളുടെ ഒന്നാം സെമസ്റ്ററിലെ പരീക്ഷ മാതൃകാ പരീക്ഷയായിട്ടാണ് കഴിഞ്ഞ വർഷം വരെ കണക്കാക്കിയിരുന്നത്. രണ്ടാം സെമസ്റ്ററിൽ മുഴുവൻ പാഠങ്ങളും ഉൾപ്പെടുത്തിയാണ് സർട്ടിഫിക്കറ്റ് പരീക്ഷ നടത്തിയിരുന്നത്. എന്നാൽ ഈ വർഷം മുതൽ ഒന്നാം സെമസ്റ്ററിൽ പഠിക്കേണ്ട അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി ഒന്നാം സെമസ്റ്ററിലും രണ്ടാം സെമസ്റ്ററിൽ പഠിക്കേണ്ട പാഠങ്ങൾ മാത്രം ഉൾപ്പെടുത്തി രണ്ടാം സെമസ്റ്ററിലും സർട്ടിഫിക്കറ്റ് പരീക്ഷ നടത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളെ മുൻകൂട്ടി അറിയിക്കുകയും ചെയ്യണം. രണ്ടു സെമസ്റ്ററിലെ പരീക്ഷയ്ക്കും ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 14 മാർക്ക് കിട്ടായാലെ ജയിച്ചതായി കണക്കാക്കുകയുള്ളു. സർട്ടിഫിക്കറ്റ് കിട്ടുകയുള്ളു. ഇന്റേണൽ അസസ്സ്മെന്റിൽ 10-ൽ 4 മാർക്കും കിട്ടിയിരിക്കണം.

## സർട്ടിഫിക്കറ്റ് പുനഃപരീക്ഷയും നിബന്ധനകളും

ഫൊറോന ഡയറക്ടർമാരുടെ യോഗത്തിൽ വന്ന നിർദ്ദേശ പ്രകാരം പരീക്ഷാണാർത്ഥം ഈ വർഷത്തെ X-ാം ക്ലാസ്സിലെ പുനഃപരീക്ഷ അതാത് ഇടവകകളിൽ വച്ച് നടത്താവുന്നതാണ്. ഏതെങ്കിലും പ്രത്യേക കാരണത്താൽ ഒന്നാം സെമസ്റ്ററിലെയോ രണ്ടാം സെമസ്റ്ററിലെയൊ സർട്ടിഫിക്കറ്റ് പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്കും പ്രസ്തുത സെമസ്റ്റർ പരീക്ഷകളിൽ വിജയിക്കാത്തവർക്കുമായി ബ.വികാരയിച്ചനുമായി ആലോചിച്ച് ഒന്നാം സെമസ്റ്റിലെ പുനഃപരീക്ഷ നടത്തിയതിന്റെ മാർക്ക് ലിസ്റ്റ് ഡിസംബർ 09-നകവും രണ്ടാം സെമസ്റ്ററിലെ മാർക്ക് ലിസ്റ്റ് ഫെബ്രുവരി 25-നകവും ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. പുനഃപരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ (വാചിക പരീക്ഷയുമാകാം) വികാരി യച്ചനുമായി

ആലോചിച്ച് ഇടവകയിൽ തന്നെ തയ്യാറാക്കാവുന്നതാണ്. ഇവരുടെ ഉത്തരക്കടലാസുകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ തയ്യാറാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമുണ്ടെങ്കിൽ അതിരൂപതാ കേന്ദ്രത്തിൽ വിളിക്കുക

## ഇന്റേണൽ അസസ്സ്മെന്റ്

1. ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമുള്ള വിശുദ്ധ കുർബ്ബാനയിലെ കുട്ടികളുടെ പങ്കാളിത്വം, (കുർബ്ബാന സ്വീകരണം, ദേവാലയത്തിലെ പെരുമാറ്റം) കുടുംബ പ്രാർത്ഥനയിലും ഭക്തസംഘടനകളിലും കുടുംബയൂണിറ്റിലുമുള്ള ഭാഗഭാഗിത്വം. മാതാപിതാക്കൾ മാർക്കിടുക – മാർക്ക് 5.

2. വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം – ഹാജർ, അച്ചടക്കം, സ്വഭാവ സവിശേഷതകൾ, സേവന മനോഭാവം, പരസ്നേഹ പ്രവർത്തനങ്ങൾ, സാമൂഹ്യ പ്രതിബദ്ധത; അദ്ധ്യാപകൻ നൽകുന്ന ഹോം വർക്ക് (ഒരു ലേഖനം വായിച്ച് അതിന്റെ സംഗ്രഹം, പൊതുവായ പ്രശ്നങ്ങളെക്കുറിച്ചുള്ള ലേഖനം തുടങ്ങിയ വിഷയങ്ങൾ എഴുതാൻ ആവശ്യപ്പെടുകയും അതനുസരിച്ചുള്ള വിലയിരുത്തലും) – മാർക്ക് 5.

ഈ മാനദണ്ഡങ്ങളെല്ലാം കണക്കിലെടുത്ത് മാതാപിതാക്കളും അദ്ധ്യാപകരും സത്യസന്ധമായി അവരുടെ വിവേചനാധികാരം ഉപയോഗിച്ച് മാർക്കിടുക. വേദപാഠത്തിന്റെ കാര്യത്തിൽ മാതാപിതാക്കൾക്കുള്ള പങ്കും ചെറിയ രീതിയിലെങ്കിലും ഇതിലൂടെ അവർ മനസ്സിലാക്കുമല്ലോ.

## ഉത്തരക്കടലാസ് പരിശോധന

പത്താം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും ഉത്തരക്കടലാസ്സുകൾ കേന്ദ്രീകൃത പരിശോധനയാണല്ലോ നടത്തിവന്നിരുന്നത്. വിവിധ ഗ്രൂപ്പുകളിൽ ചർച്ച ചെയ്തും അഭിപ്രായമാരാഞ്ഞും ഈ വർഷം മുതൽ ഉത്തരക്കടലാസ് പരിശോധന ഫൊറോന തലത്തിൽ നടത്തുകയാണ്. അതാത് ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ നിർബന്ധമായും ഉത്തരക്കടലാസ് പരിശോധനയിൽ പങ്കെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അസൗകര്യമുള്ളവർ ഫൊറോന കേന്ദ്രത്തെ അറിയിക്കുകയും പകരം ഒരാളെ കണ്ടെത്തുകയും വേണം. നവംബർ അഞ്ചിലെ ഒന്നാം സെമസ്റ്റർ പരീക്ഷകഴിഞ്ഞ് നവംബർ 26-നകവും രണ്ടാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ്, ഫെബ്രുവരി 18-നകവും കുട്ടികളുടെ മാർക്ക് ലിസ്റ്റും 80% ത്തിലധികം മാർക്കു കിട്ടിയവരുടെ ഉത്തരക്കടലാസുകളും അതിരൂപതയിൽ എത്തിക്കേണ്ടതുണ്ട്. അതനു സരിച്ച് ഒരോ ഫൊറോനയ്ക്കും ഉത്തരക്കടലാസ് പരിശോധനയ്ക്ക് തിയതികൾ തീരുമാനിക്കാവുന്നതാണ്.

## ഉത്തരക്കടലാസ് പുനഃപരിശോധന

വികാരിയച്ചന്റെ ശുപാർശയോടെ അതിരൂപതാ കേന്ദ്ര ഓഫീസിൽ രേഖാമൂലം റിസൾട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ മുഴുവൻ പേരും (വീട്ടുപേര്,അപ്പന്റെ പേര്, കുട്ടിയുടെ പേര്) ഇടവക, പഠിക്കുന്ന ക്ലാസ്സ്, രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമാക്കിയിരിക്കണം. പുനഃപരിശോധനയിൽ ലഭിക്കുന്ന മാർക്കായിരിക്കും അവസാന മാർക്കായി പരിഗണിക്കുക.

## ഇൻകംപ്ലീറ്റ് സ്റ്റുഡൻസ്

മാർക്കുണ്ടായിരിക്കുകയും ഗ്രേഡ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും Incomplete എന്നു കാണുന്നത് ഹാജർ 80%-ൽ കുറവുള്ളതിനാലാണ്. ജയിക്കാൻ മാർക്കുണ്ടായിട്ടും ഹാജർ ആവശ്യത്തിന് ഇല്ലാതിരുന്നതിനാൽ റിസൽട്ട് പൂർണ്ണമാകാത്ത കുട്ടികൾ പുനഃപരീക്ഷ എഴുതരുത്. അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരിക്കുകയോ, അവധിക്കാലത്ത് പ്രത്യേകം ക്ലാസുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് ബ. വികാരി അച്ചന് തീരുമാനിക്കാവുന്നതാണ്. എന്നാൽ കൃത്യമായി ക്ലാസിൽ വന്ന മറ്റു കുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. മറ്റുകുട്ടികളെപ്പോലെ ഹാജർ പൂർണ്ണമാകുമ്പോൾ (80%) വികാരി അച്ചന്റെ കത്തുമായി അതിരൂപതാകേന്ദ്രത്തിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

## ഓൺലൈനിൽ (Caticorp) ചെയ്യേണ്ടത്

10-ാം ക്ലാസ്സിലെ ഹാജറിന്റെ ശതമാനവും ഇന്റേണൽ അസ്സസ്മെന്റിന്റെ മാർക്കും 2018 ഫെബ്രുവരി 01-ന് മുൻപ് ഓൺലൈനിൽ Enter ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്തപക്ഷം റിസൽട്ട് ഇൻകംപ്ലീറ്റ് ആകും എന്ന് അറിയാമല്ലോ

## XI & XII ഡിപ്ലോമ കോഴ്സ്

### പൊതു നിബന്ധനകൾ

**1. ഡിപ്ലോമ സർട്ടിഫിക്കറ്റ്**

വേദപാഠ പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് പരീക്ഷയിൽ വിജയിച്ചവർക്കായി രണ്ടു വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നു സർട്ടിഫിക്കറ്റ് പരീക്ഷയിൽ തോറ്റവർക്കും പ്ലസ്സ് വൺ ക്ലാസ്സിൽ സംബന്ധിക്കാവുന്നതാണ്. എന്നാൽ സർട്ടിഫിക്കറ്റ് പരീക്ഷ എഴുതി വിജയിച്ചതിനുശേഷം മാത്രമെ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് നല്കുകയുള്ളു.

**2. മാർക്ക്**

ഡിപ്ലോമക്ക് ആകെ 250 മാർക്കാണുള്ളത്. ഒന്നും രണ്ടും വർഷ പൊതു പരീക്ഷയ്ക്ക് 80 മാർക്ക് വീതം, ഇന്റേണൽ അസസ്സ്മെന്റ് 20 മാർക്ക് വീതം സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം (പ്ലസ് വൺ) - 25 മാർക്ക്, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം (പ്ലസ്സ് ടു) - 25.

**3. ഹാജർ**

ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കുവാൻ രണ്ടു വർഷവും 60% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കേതാണ്.

**4. ഇന്റേണൽ അസസ്സ്മെന്റ്**

പത്താം ക്ലാസ്സിലേതുപോലെ തന്നെ (പേജ് 29).

**5. സെമസ്റ്റർ പരീക്ഷകൾ**

ഒന്നാം സെമസ്റ്റർ പരീക്ഷ - 2017 നവംബർ 05 ഞായർ 10.30 am - 12.30 pm
രണ്ടാം സെമസ്റ്റർ പരീക്ഷ - 2018 ജനുവരി 28 ഞായർ 2.00 am - 4.00 pm

ഈ വർഷം മുതൽ രണ്ടു സെമസ്റ്ററുകളിലായിട്ടാണ് പൊതു പരീക്ഷ നടത്തുന്നത്. ഒന്നാം സെമസ്റ്ററിലെ അദ്ധ്യായങ്ങൾ (1-6) ഉൾപ്പെടുത്തി നവംബറിലും രണ്ടാം സെമസ്റ്ററിലെ അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി ജനുവരി മാസത്തിലും നടത്തുന്ന പരീക്ഷകളിൽ ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40 മാർക്കിൽ 14 മാർക്ക് കിട്ടുന്നവരെ മാത്രമെ വിജയികളായി കണക്കാക്കുകയുള്ളു. ഒന്നാം വർഷ ഡിപ്ലോമയുടെ ഉത്തരക്കടലാസുകൾ അതാതു ഇടവകകളിൽ നോക്കി മാർക്കു ലിസ്റ്റിന്റെ ഒരു കോപ്പിയും, 40-ൽ 32 മാർക്കും അതിൽ കൂടുതലും 10-ൽ ഇന്റേണൽ അസസ്സ്മെന്റിനു ള്ള മാർക്കും കൂടി കൂട്ടുമ്പോൾ 40-ഉം അതിലധികവും മാർക്ക് ലഭിക്കുന്ന ഉത്തരക്കടലാസുകളും ഒന്നാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ് 2017 നവംബർ 20-നകവും രണ്ടാം സെമസ്റ്ററിൽ ഫെബ്രുവരി 09 നകവും ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രണ്ടാം വർഷ ഡിപ്ലോമയുടെ ഉത്തരക്കടലാസുകൾ ഫൊറോന തലത്തിലാണ് പരിശോധിക്കുന്നത് (പേജ് 29 കാണുക).

**6. ഡിപ്ലോമ പുന:പരീക്ഷ**

ഏതെങ്കിലും പ്രത്യേക കാരണത്താൽ ഒന്നാം സെമസ്റ്ററിലെയോ രണ്ടാം സെമസ്റ്ററിലെയൊ ഡിപ്ലോമ പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്കും പ്രസ്തുത സെമസ്റ്റർ പരീക്ഷകളിൽ വിജയിക്കാത്തവർക്കുമായി കലൂർ റിന്യുവെൽ സെന്ററിൽ വച്ച് 2018 മെയ് 18 വെള്ളിയാഴ്ച്ച പ്ലസ്സ് വൺ കുട്ടികൾക്ക് 10 മുതൽ 12 മണിവരെയും പ്ലസ്സ് ടു കുട്ടികൾക്ക് 2 മണിമുതൽ 4 മണിവരെയും പുന:പരീക്ഷ നടത്തുന്നു. ഏതെങ്കിലും

ഒരു സെമസ്റ്ററിൽ തോറ്റാലും പുന:പരീക്ഷ എഴുതണം. പുന:പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ പ്രസ്തുത പരീക്ഷയ്ക്ക് രണ്ടാഴ്ച്ച മുമ്പായി ബഹു. വികാരിയച്ചന്റെ ശുപാർശ കത്തോടു കൂടി അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിൽ നൽകേണ്ടതാണ്. ഇവരുടെ ഉത്തരക്കടലാസുകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല. ഡിപ്ലോമപുന:പരീക്ഷ എഴുതുന്നതിന് 60% ഹാജരെങ്കിലും ഉണ്ടായിരിക്കണം.

**7. ഉത്തരക്കടലാസ് പുനഃപരിശോധന**

ഉത്തരക്കടലാസ് പുനഃപരിശോധന ആവശ്യമുള്ളവർ വികാരിയച്ചന്റെ ശുപാർശയോടെ അതിരൂപതാ കേന്ദ്ര ഓഫീസിൽ രേഖാമൂലം റിസൽട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ മുഴുവൻ പേരും (വീട്ടുപേര്,അപ്പന്റെ പേര്, കുട്ടിയുടെ പേര്) ഇടവക, പഠിക്കുന്ന ക്ലാസ്സ്, രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമാക്കിയിരിക്കണം. പുനഃപരിശോധനയിൽ ലഭിക്കുന്ന മാർക്കായിരിക്കും അവസാന മാർക്കായി പരിഗണിക്കുക.

**8. ഇൻകംപ്ലീറ്റ് സ്റ്റുഡൻസ്**

യൂണിറ്റുകളിൽ റിസൽട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നത് താഴെ പറയുന്ന ഏതെങ്കിലും കാരണങ്ങളാലാകം.

പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് പരീക്ഷ പാസാകാത്തവരായതുകൊണ്ടാവാം.

കോഴ്സിന് 60% ഹാജർ ഇല്ലാത്തതുകൊണ്ടാകാം. ജയിക്കാൻ മാർക്കുണ്ടായിട്ടും ഹാജർ ആവശ്യമില്ലാത്ത കുട്ടികൾ പുന:പരീക്ഷ എഴുതരുത്. ഹാജർ പൂർണ്ണമാകുമ്പോൾ (വീണ്ടും ക്ലാസ്സിൽ ഇരിക്കുകയോ, അവധിക്കാലത്ത് പ്രത്യേകം ക്ലാസ്സുകൾ നടത്തുകയോ) ബ. വികാരിയച്ചന്റെ കത്തുമായി അതിരൂപതാ കേന്ദ്രത്തിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

ഒന്നാം വർഷ പരീക്ഷ, രണ്ടാം വർഷ പരീക്ഷ, ഔട്ട് റീച്ച് പ്രോഗ്രാം, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം എന്നിവയിൽ ഏതെങ്കിലും ഒന്നിൽ പങ്കെടുക്കാതിരുന്നാൽ റിസൽട്ട് പൂർണ്ണമാവില്ല.

**9. ഓൺലൈനിൽ (Caticorp) ചെയ്യേണ്ടത്**

2018 ഫെബ്രുവരി 01-ന് മുൻപ് ഓൺലൈനിൽ (caticorp) പ്ലസ്സ് വൺ, പ്ലസ്സ് ടു കുട്ടികളുടെ ഹാജർ ശതമാനവും ഇന്റേണൽ അസസ്സ്മെന്റിന്റെ

മാർക്കും, ഔട്ട് റീച്ചിന്റെ മാർക്കും അഡോപ്റ്റ് എ ഫാമിലിയുടെ മാർക്കും enter ചെയ്യേണ്ടതാണ്. പ്ലസ് വൺ ഒന്നാം സെമസ്റ്ററിലേയും രണ്ടാം സെമസ്റ്ററിലേയും മാർക്കുകൾ കൂട്ടി 2018 ഫെബ്രുവരി 13-നു മുമ്പ് Enter ചെയ്യണം.

## 1-ാം വർഷത്തെ കോഴ്സ് പൂർത്തിയാക്കാൻ വേണ്ട മറ്റു കാര്യങ്ങൾ

**സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം –** സാമൂഹ്യ പ്രതിബദ്ധതയിലേക്ക് ഒരു ചുവട്.

കുട്ടികളിൽ സാമൂഹ്യാവബോധം വളർത്താനും, പാവപ്പെട്ടവരോടും അനാഥരോടും അവഗണിക്കപ്പെട്ടവരോടുമുള്ള സ്നേഹവും കരുതലും ക്രിസ്തീയ ആത്മീയതയുടെ അടിസ്ഥാനമായി കാണേണ്ടതാണെന്ന ബോധ്യമുണർത്താനുമാണ് ഈ പ്രോഗ്രാം പ്ലസ് വൺ ക്ലാസ്സിലെ കുട്ടി കൾക്കായ് ക്രമീകരിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ ഈ കാഴ്ച്ച പ്പാട് കുട്ടികൾക്ക് വിശദീകരിച്ചുകൊടുത്തുവേണം അവരെ ഇതിൽ പങ്കെടുപ്പിക്കേണ്ടത്.

വർഷാരംഭത്തിൽ തന്നെ ബ. വികാരിയച്ചനുമായി ആലോചിച്ച് സ്ഥലം തീരുമാനിക്കുകയും അവിടെയുള്ളവരെ സമർപ്പിച്ച് പ്രാർത്ഥിച്ച് ഒരു ങ്ങുകയും ചെയ്യുന്നത് സന്ദർശനം ഫലപ്രദമാകൻ സഹായകമാകും.

അർദ്ധദിന പരിപാടിയാക്കി ഔട്ട് റീച്ച് പ്രോഗ്രാം മാറ്റി, ഉച്ചകഴിഞ്ഞ് ഉല്ലാസയാത്ര എന്ന രീതിയിൽ ഇത് ക്രമീകരിക്കാൻ പാടുള്ളതല്ല. കുട്ടി കൾ ഏതെങ്കിലും അനാഥ മന്ദിരങ്ങളോ, വൃദ്ധ സദനങ്ങളോ, ആശുപത്രി കളോ തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ചതിനുശേഷം അവരോടൊപ്പ മിരുന്ന് ആ അനുഭവത്തിന്റെ വെളിച്ചത്തിൽ വിചിന്തനം ചെയ്യണം. അവരുടെ പ്രതികരണങ്ങൾ പങ്കുവെയ്ക്കാൻ ആവശ്യപ്പെടണം. ഈ സന്ദർശനം അവരെ ഏതെങ്കിലും രീതിയിൽ സ്വാധീനിച്ചോ തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്താൽ മാത്രമെ ഈ പ്രോഗ്രാമിലൂടെ നമ്മൾ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുകയുള്ളു.

ഓരോ ഇടവകയിലും അദ്ധ്യാപകന്റെ നേതൃത്വത്തിലും ബഹുമാന പ്പെട്ട വൈദീകരുടെ നിരീക്ഷണത്തിലും വേണം സ്ഥലം തിരഞ്ഞെടു ക്കേണ്ടതും ക്രമീകരണങ്ങൾ ചെയ്യേണ്ടതും. കുട്ടികൾക്ക് കുടുതൽ അനുഭവവും വിശ്വാസസ്ഥിരതയും നൽകുന്ന സ്ഥലങ്ങൾ തിരഞ്ഞെടു ക്കുവാൻ ശ്രമിക്കുക.

കുട്ടികളുടെ വിചിന്തനങ്ങളും ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന ചിന്ത കളും ഉൾചേർത്ത് ഒരു റിപ്പോർട്ട് തയ്യാറാക്കി മേടിച്ച് അദ്ധ്യാപകർ തന്നെ ഇടവകതലത്തിൽ വിലയിരുത്തുക. പങ്കെടുക്കാത്ത കുട്ടികൾക്ക് മാർക്ക്

കൊടുക്കുവാൻ പാടുള്ളതല്ല. പങ്കെടുത്തവർ സജീവമായി പങ്കെടുത്തോ, അവരുടെ ഇടപെടലുകൾ എങ്ങനെയായിരുന്നു, ചർച്ചയിലുള്ള അവരുടെ പങ്കാളിത്തം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് അദ്ധ്യാപകനോ അദ്ധ്യാപികയോ തന്നെ മാർക്ക് കൊടുക്കാവുന്നതാണ്. എന്നാൽ യൂണിറ്റിൽ നിന്നു പങ്കെടുത്തവരുടെ ലിസ്റ്റും അദ്ധ്യാപകന്റെ വിലയിരുത്തലും (എന്ന്, എവിടെ, എങ്ങനെ സന്ദർശനം നടന്നു) സഹിതം പൊതു റിപ്പോർട്ട് വികാരിയച്ചന്റെ ഒപ്പോടുകൂടി 2018 ജനുവരി 20-ാം തിയതിയ്ക്കകം ഫൊറോനാ കേന്ദ്രത്തിൽ നൽകേണ്ടതാണ്.

എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും കുട്ടികൾക്ക് സ്വന്തം ഇടവക നടത്തുന്ന സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിക്കാതെ പോയാൽ ബ. വികാരിയച്ചന്റെ അനുവാദത്തോടെ മറ്റേതെങ്കിലും ഇടവക നടത്തുന്ന സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമിൽ പങ്കുചേർന്ന് ആവശ്യമായ വ്യവസ്ഥകൾ പൂർത്തിയാക്കാവുന്നതാണ്. സന്ദർശനകേന്ദ്രം, തീയതി എന്നിവയുടെ കാര്യത്തിൽ ഇടവകയുടെ സൗകര്യമാണ് പ്രധാനം.

## ചുവർ മാസിക

ഡിപ്ലോമ ഒന്നാം വർഷ ക്ലാസ്സിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്നു. ഒരു പ്രത്യേക ആശയമോ പല ആശയങ്ങളോ വ്യക്തമാകത്തക്ക രീതിയിൽ കലാ-സാഹിത്യ സൃഷ്ടികളുടെ ശേഖരം, കലാപരമായും ആകർഷകമായും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വിദ്യാർത്ഥികളുടെ ക്രിയാത്മകതയും സർഗ്ഗാത്മകതയും വളർത്തുന്നതിനും കൂട്ടായ ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇത് ഇടയാകണം. എല്ലാ വിദ്യാർത്ഥികളും പങ്കുചേരുന്നുണ്ടെന്ന് അദ്ധ്യാപകർ ഉറപ്പു വരുത്തുക. ആശയങ്ങളും നിർദ്ദേശങ്ങളും അദ്ധ്യാപകർ ൽകുക. തയ്യാറാക്കേത് വിദ്യാർത്ഥികൾ തന്നെയാണ്.

ഈ വർഷത്തെ വിഷയം **"ജീവിക്കുന്നതിലെ സന്തോഷം"**

## രണ്ടാം വർഷം വിജയകരമായി പൂർത്തിയാക്കാൻ കൂടുതലായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### അഡോപ്റ്റ് എ. ഫാമിലി പ്രോഗ്രാം

ഡിപ്ളോമ ഒന്നാം വർഷത്തിൽ Social Out Reach Programme നടത്തുന്ന കുട്ടികൾ രണ്ടാം വർഷത്തിൽ കുറച്ചുകൂടി ജീവിതബന്ധിയായി Adopt A family Programme നടത്തുന്നു. പ്രസ്തുത പ്രോഗ്രാമിൽ ഓരോ കുട്ടിയുടേയും പങ്കാളിത്തവും താല്പര്യവും ഓരോ ഘട്ടത്തിലും അദ്ധ്യാപകർ വിലയിരുത്തേണ്ടതാണ്.

**എന്താണ് ഈ പ്രോഗ്രാം?:** ഡിപ്ളോമ രണ്ടാം വർഷ കുട്ടികൾ ഒരു കുടുംബത്തെ അവരുടെ ഇല്ലായ്മയിൽ ആവശ്യം തിരിച്ചറിഞ്ഞ് സഹായിക്കണം. അദ്ധ്യയനവർഷാരംഭം മുതൽ ജനുവരി അവസാന ഞായറാഴ്ച്ചവരെ ഓരോ ആഴ്ചയിലും ആ കുടുംബത്തെ നമ്മുടെ കുട്ടികൾ സഹായിക്കും.

**സഹായം നൽകേണ്ട കുടുംബത്തെ തെരഞ്ഞെടുക്കേണ്ട വിധം:** നമ്മുടെ ഇടവകാതിർത്തിയിലോ പുറത്തോ ഉള്ള ഏതു മതത്തിൽപ്പെട്ട വരായാലും ഏററവും അർഹതയുള്ളവരെ സഹായത്തിനായി തെരഞ്ഞെടുക്കണം. കുടുംബത്തെ തെരഞ്ഞെടുക്കേണ്ടത് ബഹുമാനപ്പെട്ട വികാരിയച്ചനായിരിക്കണം. ക്ലാസദ്ധ്യാപകനും വിദ്യാർത്ഥികളും ഒരുമിച്ചിരുന്ന് അവരുടെ അഭിപ്രായം കൂടി പരിഗണിച്ച് വികാരിയച്ചൻ കുടുംബത്തെ തെരഞ്ഞെടുത്താൽ കൂടുതൽ നല്ലത്. വിൻസെന്റ് ഡി പോൾ സംഘത്തിൽ നിന്നും ഒരു ദത്തു കുടുംബത്തെ ഒരു വർഷത്തേക്ക് ഏറ്റെടുക്കുകയോ അവരുടെ അഭിപ്രായം ആരായുകയോ ചെയ്യുന്നതിലും തെററില്ല. എങ്ങനെ ആയാലും അവസാന തീരുമാനം എടുക്കേണ്ടത് ബഹുമാനപ്പെട്ട വികാരിയച്ചനായിരിക്കണം. കുട്ടികളുടെ എണ്ണമനുസരിച്ച് 20 പേർ വീതമുള്ള ഗ്രൂപ്പുകളാക്കി ഒന്നിലധികം കുടുംബങ്ങളെയും സഹായിക്കാം.

സഹായം നൽകേണ്ട രീതി: ആ കുടുംബത്തിന് ഏററവും ആവശ്യം എന്നു തോന്നുന്ന കാര്യത്തിനായി – അത് മരുന്നാകാം, ചികിത്സാസഹായമാകാം, ഭക്ഷണമാകാം, മററുസഹായങ്ങളാകാം – നിശ്ചിത തുകയോ സാധനങ്ങളോ ക്ലാസിലെ രണ്ടു കുട്ടികൾ വീതം മാറി മാറി ആ വീട്ടിലെത്തി ഓരോ ആഴ്ചയും നൽകണം. സഹായിക്കാൻ പോകുമ്പോൾ ആ വീട്ടിൽ നിന്ന് യാതൊരു വിധ സൽക്കാരങ്ങളും സ്വീകരിക്കരുത്. എന്നാൽ ചില വിശേഷ അവസരങ്ങളിൽ എല്ലാവരും ഒരുമിച്ച് ആ വീട്ടിൽ പോയി നാം കൊണ്ടുചെല്ലുന്ന ഭക്ഷണം അവരുമായി പങ്കുവച്ച് ഒരുമിച്ച് ഭക്ഷിക്കുന്നത് നന്നായിരിക്കും.

ഇടവകയുടെ പശ്ചാത്തലത്തിൽ കുട്ടികൾ തന്നെ സഹായം വീട്ടിലെത്തിക്കുന്നത് എന്തെങ്കിലും അസ്വസ്ഥത ഉണ്ടാക്കുന്നു എന്നുണ്ടെങ്കിൽ വികാരിയച്ചന് ബദൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ് ആരെങ്കിലും വഴി പണം എത്തിക്കുക എന്നതിനേക്കാൾ കുട്ടികൾക്ക് അനുഭവമാവുക എന്നതാണ് പ്രധാനം എന്ന് മറക്കരുത്.

**സഹായനിധി രൂപീകരിക്കേണ്ട വിധം:** ആവശ്യങ്ങൾക്കനുസരിച്ച് എത്രമാത്രം തുക നൽകാനാവും എന്ന് തീരുമാനിക്കുക. ഇടവകയിലെ ആളുകളെ സമീപിച്ച് ഈ ആവശ്യത്തിലേക്ക് നിശ്ചിതമായ തുക എല്ലാ

ആഴ്ചയും തരാമോ എന്ന് ആരായുക. ഇപ്രകാരം ക്ലാസ്സിലെ എല്ലാവരും നാലോ അഞ്ചോ പേരെ കണ്ടുപിടിച്ച് സഹായത്തിനുള്ള പണം കണ്ടെത്തണം. ഒരു കുട്ടി സ്വന്തം വീട്ടിൽനിന്നുതന്നെ നൂറോ ഇരുന്നൂറോ രൂപ കൊണ്ടു വരുന്നത് അനുവദിക്കരുത്.

**പ്രവർത്തനം വിലയിരുത്തൽ:** 25 മാർക്ക് ഇതിനു നൽകാം. ഈ പ്രോഗ്രാമിന്റെ ഓരോ ഘട്ടത്തിലും കുട്ടിയുടെ ഇടപെടലും ഓരോ ആഴ്ചയിലേയും കുട്ടിയുടെ പങ്കാളിത്തവും താല്പര്യവുമനുസരിച്ച് അദ്ധ്യാപകൻ മാർക്ക് നൽകണം. ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ അദ്ധ്യാപകൻ സൂക്ഷിക്കണം.

**ചില മാനദണ്ഡങ്ങൾ:** ഓരോ ആഴ്ചയിലും ഉള്ളകുട്ടികളുടെ ഹാജർ (5), തുക സമാഹരണം (5) (തുകയുടെവലുപ്പത്തിനല്ല ഓരോ ആഴ്ചയിലേയും പങ്കാളിത്തത്തിനാണ് മാർക്ക് നൽകേണ്ടത്) കുടുംബത്തിൽ സഹായമെത്തിക്കുവാൻ നിയോഗിക്കപ്പെട്ട ദിവസങ്ങളിലെ സഹകരണം, നേതൃത്വം, ക്രിയാത്മകത തുടങ്ങിയവ. (5) വിശേഷാവസരങ്ങളിൽ പ്രസ്തുത കുടുംബത്തിനായി നടത്തുന്ന പരിപാടികളിലുള്ള പങ്കാളിത്തം, സഹകരണം, നേതൃത്വം തുടങ്ങിയവ (5) മൊത്തത്തിൽ Adopt A family Programme-ലുള്ള കുട്ടികളുടെ താല്പര്യം, പങ്കാളിത്തം(5).

മാർക്കുകൾ 2018 ഫെബ്രുവരി 01-നു മുൻപ് ഓൺലൈനിൽ രേഖപ്പെടുത്തുകയും വേണം. ഈ പ്രോഗ്രാമിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള അധ്യാപകന്റെ പൊതുവായ റിപ്പോർട്ട്, വികാരിയച്ചന്റെ ഒപ്പോടെ 2018 ജനുവരി 21-നു മുമ്പ് ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം.

പ്രത്യേക കാരണങ്ങൾകൊണ്ട് ഏതെങ്കിലും ഇടവകകളിൽ ഈ പ്രോഗ്രാം നടത്താൻ സാധിക്കാതെ വന്നാൽ 2017 ആഗസ്റ്റ് 15-നുമുൻപ് അതിരൂപതയിൽ നേരിട്ട് അറിയിച്ച് ബദൽ സംവിധാനം ചെയ്യേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങളും മറ്റും അതിരൂപതയുമായി ബന്ധപ്പെടുമ്പോൾ അറിയിക്കുന്നതാണ്.

## എലൈവ് (Enabling Youth to Live in Christ and to Live Christ)

"കർത്താവായ യേശുക്രിസ്തുവിനെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതിനാൽ അവനിൽ ജീവിക്കുവിൻ" (കൊളോ. 2:6).

വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനതല സംഗമം.

ഇത് ഒരവലോകനത്തിനുള്ള വേദി. 12 വർഷത്തെ അർത്ഥപൂർണ്ണമായ വിശ്വാസ പരിശീലനത്തിനൊടുവിൽ ക്രിസ്തുവിൽ ജീവിക്കാനും ക്രിസ്തുവായി ജീവിക്കാനുമുള്ള ആഹ്വാനം ഇന്നത്തെ യുവതലമുറ

യുടെ മുൻപിൽ ഒരു വെല്ലുവിളിയാണ്. ഫൊറോനാടിസ്ഥാനത്തിൽ ഒരുമിച്ചു കൂടി, ചർച്ചകൾ ചെയ്ത്, ഉൾക്കാഴ്ചകൾ പങ്കുവച്ച് ഉള്ളിലെ ക്രിസ്തു ചൈതന്യം (കൊളോ 1:27) ഉജ്ജ്വലിപ്പിക്കാൻ ഒരവസരം.

ഫൊറോനാ തലത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ നടത്തപ്പെടേണ്ട പ്രോഗ്രാമിന്റെ ഒരു ഏകദേശരൂപം ഇതോടൊപ്പം നൽകുന്നു. അതിരൂപതയിൽ നിന്നും നിശ്ചയിച്ചിട്ടുള്ള റിസോഴ്സ് ടീമാണ് ഓരോ ഫൊറോനയിലും ഇതിന് നേതൃത്വം നൽകുന്നത്. ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കാൻ ഇതിലെ പങ്കാളിത്തം നിർബന്ധമാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ

## Time Table

| | | | |
|---|---|---|---|
| 09.00 am | Registration | 09.15 am | ഉദ്ഘാടനം |
| 09.30 am | Session I | 10.00 am | Session II |
| 11.45 am | Break | 12.00 pm | വി.കുർബ്ബാന |
| 01.00 pm | ഉച്ചഭക്ഷണം | 01.30 pm | Session III |
| 03.00 pm | Skit & Prayer | 03.45 pm | Evaluation |
| 04.00 pm | Good Bye... | | |

## വിശ്വാസ പ്രഖ്യാപന ശുശ്രൂഷ

2018 ജനുവരി മാസത്തെ അവസാനത്തെ ഞായറാഴ്ചയിലെ (28-01-2018) പരീക്ഷയ്ക്കുശേഷം വരുന്ന ഞായറാഴ്ച്ച (ഫെബ്രുവരി, 4 2018), ഔപചാരിക വിശ്വാസപരിശീലനം പൂർത്തിയാക്കിയ ഡിപ്ലോമ രണ്ടാംവർഷ വിദ്യാർത്ഥികളുടെ വിശ്വാസ പ്രഖ്യാപനശുശ്രൂഷ നടത്തേണ്ടതാണ്. ഈ ശുശ്രൂഷയ്ക്കുള്ള കർമ്മക്രമം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

## ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്

എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വേദപാഠ ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തി ഇല്ലാത്തവർക്കു വേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്. ഒന്നാം വർഷവും, രണ്ടാം വർഷവും രണ്ടു/മൂന്നു ദിവസങ്ങളിലായി രണ്ടു സെഷനുകൾ വീതമാണ് (ആകെ 4 സെഷനുകൾ) കോഴ്സ് നടത്തപ്പെടുക.

### 2017-2018 അദ്ധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:

2017 സെപ്റ്റംബർ 29 - 01 - ഒന്നാം വർഷ ഡിപ്ലോമ - I$^{st}$ Session (29-ന് വൈകുന്നേരം 5.30-ന് എത്തിച്ചേരുന്നു).

2018 മെയ് 16, 17 - ഒന്നാം വർഷ ഡിപ്ലോമ - II$^{nd}$ Session

2017 ഒക്ടോബർ 14-15 - രണ്ടാം വർഷ ഡിപ്ലോമ - III$^{rd}$ Session

2018 മെയ് 9-10 - രണ്ടാം വർഷ ഡിപ്ലോമ - IV$^{th}$ Session

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷയെ സംബന്ധിച്ച വിവരങ്ങൾ കോഴ്സ് നടക്കുന്ന ദിവസങ്ങളിൽ കുട്ടികളെ അറിയിക്കുന്നതായിരിക്കും.

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം 2017 സെപ്റ്റംബർ 1-ാം തീയതിയാണ്. 2017-2018 വർഷത്തിൽ ഒക്ടോബറിലെ സെഷനിൽ പങ്കെടുത്തവർക്കു മാത്രമാണ് മെയ് മാസത്തിലെ സെഷനിൽ പങ്കെടുക്കുവാൻ സാധിക്കുക.രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ നിന്നെടുത്ത് പൂരിപ്പിക്കണം.

നാലു സെഷനുകളിലായി കോഴ്സിൽ പങ്കെടുക്കുകയും ഒന്നാം വർഷവും രണ്ടാം വർഷവും നൽകുന്ന അസൈൻമെന്റുകൾ സമർപ്പിക്കുകയും ഒന്നും രണ്ടും വർഷങ്ങളിൽ നടത്തുന്ന പ്രത്യേക പരീക്ഷകളിൽ ഓരോ പരീക്ഷയ്ക്കും ആകെ മാർക്കിന്റെ 35%-മോ അതിലധികമോ മാർക്ക് നേടുകയും ചെയ്യുന്നവർക്കാണ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത്. ഓരോ വർഷത്തേക്കും 950 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. രജിസ്റ്റർ ചെയ്യുന്ന സമയത്ത് പണം അടച്ച് രസീതു വാങ്ങുക.

റസിഡൻഷ്യൽ കോഴ്സിൽ ചേർന്നു കഴിഞ്ഞവർ കോഴ്സ് സംബന്ധമായ എല്ലാ കാര്യങ്ങളിലും അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. XI-ാം ക്ലാസുകാർ ഇടവകയിൽ നടത്തുന്ന Out Reach Programme-നും XII-ാം ക്ലാസുകാർ ഫൊറോനയിൽ നടത്തുന്ന Alive Programme നും പങ്കെടുക്കണം. ഫൊറോനയിലോ, ഇടവകയിലോ ഉള്ള വേദപാഠ കേന്ദ്രങ്ങൾ വഴിയുള്ള യാതൊരു അറിയിപ്പുകളും ഇവർക്ക് ഉണ്ടാവില്ല.

## SMCC പ്രതിഭാസംഗമം

SMCC പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നവരെ തെരഞ്ഞെടുത്തിരുന്നത് ഫൊറോന തലത്തിൽ വച്ച് നടക്കുന്ന എലൈവിൽ നിന്നുമാണല്ലോ. ഇത്ര വലിയ ഗ്രൂപ്പിൽ നിന്നും രണ്ടു പേരെ തെരഞ്ഞെടുക്കുന്നതിൽ പരിമിതികൾ ഉണ്ടെന്നറിയാം. അതുകൊണ്ടു അതിരൂപതയിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ, എലൈവിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കു പുറമെ ഏതെങ്കിലും ഇടവകയിൽ നിന്നും മറ്റു കുട്ടികളെ പറഞ്ഞുവിടുവാൻ താൽപര്യമുണ്ടെങ്കിൽ അവരുടെ പേരുകൾ ഡിസംബർ 5-ാം തിയതിക്കു മുൻപായി അതിരൂപത ഓഫീസിൽ നൽകേണ്ടതാണ്. അവരെയും കൂടി ചേർത്ത് അതിരൂപതയിൽ നിന്നും സീറോ മലബാർ സഭ പ്രതിഭാസംഗമത്തിൽ സംബന്ധിക്കേണ്ട 4 പേരെ (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ) തിരഞ്ഞെടുക്കും.

## വിശ്വാസപരിശീലന വർഷത്തിൽ ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ

### 1. പരീക്ഷയ്ക്കുള്ള പൊതു ചോദ്യങ്ങൾ

വേദപാഠ പരീക്ഷകൾക്ക് ചോദിക്കുന്ന പൊതു വിജ്ഞാന ചോദ്യങ്ങൾ നമ്മുടെ അതിരൂപതയുടെ മുഖപത്രമായ ''സത്യദീപം'' അടിസ്ഥാനമാക്കിയായിരിക്കും. അദ്ധ്യയന വർഷാരംഭം മുതൽ (ജൂൺ മാസം മുതൽ) ഓരോ പരീക്ഷയുടേയും രണ്ടാഴ്ച മുൻപ്‌വരെയുള്ള സത്യദീപത്തിൽ നിന്നാകും ചോദ്യങ്ങൾ ചോദിക്കുക.

പുസ്തകവുമായി ബന്ധപ്പെടാത്ത പൊതു ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നത് കുട്ടികളുടെ സ്വതസിദ്ധമായ കഴിവും ചിന്തകളും മനസ്സിലാക്കാനാണല്ലൊ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന പൊതു ചോദ്യങ്ങളുടെ ഉത്തരം എഴുതി തയ്യാറാക്കി കുട്ടികൾക്ക് കൊടുത്ത് അവരെ പരീക്ഷ എഴുതിപ്പിക്കാൻ ശ്രമിക്കുന്ന അദ്ധ്യാപകർ കുട്ടികളുടെ ചിന്താശക്തിയെയും സർഗ്ഗാത്മകതയും വളർത്തുകയാണെന്ന് കരുതുന്നില്ല. കുട്ടികൾ സ്വയമേവ ചിന്തിച്ച് അവരുടെ വാക്കുകളിൽ ഉത്തരമെഴുതട്ടെ.

### 02. ക്ലാസ് സമയം

വേദപഠനത്തിനായി അദ്ധ്യാപനസമയം ഒന്നര മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. ക്ലാസ്സിനിടയ്ക്ക് 5-10 മിനിറ്റെങ്കിലും ഇന്റർവെൽ കൊടുക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളുടെ കുർബ്ബാനയും ക്ലാസ്സുകളും രാവിലെ 8.30-ന് മുമ്പ് നടത്താൻ പാടുള്ളതല്ല.

വിശ്വാസ പരിശീലന ക്ലാസ്സുകൾ കുർബാനയോടെ ആരംഭിക്കുന്നതാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. ക്ലാസ്സുകൾക്കുശേഷം കുർബാന വയ്ക്കുന്നതു പൊതുവേ പ്രോത്സാഹിപ്പിക്കുന്നില്ല.

ഞായറാഴ്ച ദിവസങ്ങളിൽ ഇടവകകളിൽ ഉച്ചയ്ക്കു 12 മണിക്കു ശേഷം മാത്രമേ വിവാഹവും മറ്റു കർമ്മങ്ങളും നടത്തിക്കൊടുക്കുവാൻ പാടുള്ളൂ എന്നതാണ് അതിരൂപതാ നിർദ്ദേശം. ക്ലാസുകൾക്ക് മുടക്കമോ കുട്ടികൾക്കു ശല്യമോ വരാതിരിക്കാനാണ് ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നത് (cf. അതിരൂപതാ നിയമ സംഹിത 126 (VIII).

### 03. പരീക്ഷാസമയം

അതിരൂപതാതലത്തിൽ നടത്തപ്പെടുന്ന പൊതുപരീക്ഷകൾ അതിരൂപതാ കേന്ദ്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയത്തുതന്നെ നടത്തേണ്ടതാണ്.

## 04. പരീക്ഷാ ഫലം

വേദപാഠ പരീക്ഷകൾ, സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷ, ഡിപ്ളോമ കോഴ്സ് പരീക്ഷകൾ ഇവയുടെ ഫലപ്രഖ്യാപനം ഗ്രേഡ് അടിസ്ഥാനത്തിലാണല്ലൊ. തൊണ്ണൂറുശതമാനത്തിലധികം മാർക്കുലഭിക്കുന്ന എല്ലാ കുട്ടികളെയും അവാർഡുദാന ദിനത്തിൽ പ്രത്യേകം ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

## 05. പ്രാർത്ഥനാ പരിശീലനം

വേദപഠനം ബൗദ്ധികമായ അറിവുസമ്പാദനം മാത്രമല്ല, ദൈവാനുഭവത്തിൽ വളരുന്നതിനുള്ള പരിശീലനം കൂടിയാണ്. പ്രാർത്ഥനയിലൂടെയാണ് ദൈവ-മനുഷ്യബന്ധത്തിൽ കുട്ടികൾ വളരുന്നത്.ഈ കാര്യത്തിൽ കുട്ടികൾക്ക് പരിശീലനം നല്കുന്നതിനായി സെമസ്റ്ററിലെ ഒരു ഞായറാഴ്ചയെങ്കിലും ഓരോ ക്ലാസിലെയും അദ്ധ്യാപകരും കുട്ടികളും ഒരുമിച്ച് അരമണിക്കൂർ പ്രാർത്ഥനയ്ക്കായി ചെലവഴിക്കേണ്ടതാണ്.

## 06. ബൈബിൾ പഠനം

ഓരോ ക്ലാസിലും പഠിക്കേണ്ട ഭാഗങ്ങൾ സിലബസിൽ ചേർത്തിട്ടുണ്ട്.

## 07. വിശ്വാസ പരിശീലന ദിനം

വർഷാരംഭത്തിലെ ആദ്യ ഞായറാഴ്ച (2017 ജൂൺ 04) വിശ്വാസ പരിശീലനദിനമായി ആചരിക്കേണ്ടതാണ്. അന്നുതന്നെ വേദപാഠ ക്ലാസുകൾ ആരംഭിക്കണം. അന്ന് വിശ്വാസപരിശീലകർക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക ദിവ്യബലിയർപ്പിക്കുകയും വിശ്വാസപരിശീലനത്തിന്റെ ആവശ്യകത മാതാപിതാക്കളെയും മറ്റും ഓർമ്മപ്പെടുത്തുകയും വേണം (cf. അതിരൂപതാ നിയമസംഹിത 126.3). അന്നേ ദിവസം പൊതുസമ്മേളനം നടത്തുന്നതും പുതിയ വിദ്യാർത്ഥികളെ സാഘോഷം സ്വാഗതം ചെയ്യുന്നതും സമുചിതമാണ്. വിശുദ്ധ കുർബാന മദ്ധ്യേ വിശ്വാസ പരിശീലകർ സത്യപ്രതിജ്ഞ നടത്തി ഈ വർഷത്തെ ശുശ്രൂഷ ആരംഭിക്കുന്നു.

## 08. വിശ്വാസ പരിശീലകരുടെ ദിനം

2017 നവംബർ 05 വിശ്വാസ പരിശീലകരുടെ ദിനമായി ആചരിക്കേണ്ടതാണ്. വേദപാഠാദ്ധ്യാപകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസ പരിശീലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് അദ്ധ്യാപകരെയും മറ്റുള്ളവരെയും ബോധവത്കരിക്കാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസ പരിശീലകർ തങ്ങളുടെ സമർപ്പണം

നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

## 09. പ്രഘോഷണദിനം

കുട്ടികൾക്ക് ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി പ്രഘോഷിക്കാൻ അവസരമൊരുക്കുംവിധം 2017 നവംബർ 19 പ്രഘോഷണ ദിനമായി ആചരിക്കണം. അന്നേദിവസം ക്രിസ്തുവിശ്വാസം പ്രഖ്യാപിക്കുന്ന മുദ്രാവാക്യങ്ങളും പ്ലക്കാർഡുകളുമായി കുട്ടികളുടെ റാലി സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

## 10. സ്നേഹോത്സവം 2018 (ഇന്റൻസീവ് കോഴ്സ്)

എല്ലാ വർഷവും അവധിക്കാലത്ത് വേദപഠനത്തിന്റെ ഭാഗമായി നാം നടത്താറുള്ള **'സ്നേഹോത്സവം'** എല്ലാ യൂണിറ്റുകളിലും 1 മുതൽ 10 ഉൾപ്പെടെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി 2018 ഏപ്രിൽ 3 ചൊവ്വ മുതൽ 8 ഞായർ വരെ നടത്തേണ്ടതാണ്. ഡിപ്ലോമ വിദ്യാർത്ഥികൾക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്. സ്നേഹോത്സവം പരിപാടിയിലുള്ള കുട്ടികളുടെ പങ്കാളിത്വവും അവർ അവസാനത്തെ ദിവസം എഴുതി നൽകുന്ന അവലോകനവും അനുസരിച്ച് നൽകുന്ന മാർക്ക് ഓൺലൈനിൽ യഥാസമയം എന്റർ ചെയ്യേണ്ടതാണ്.

ഇടവകകളിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ആവശ്യമെങ്കിൽ, ആറ് അർദ്ധദിനങ്ങൾക്ക് പകരം മൂന്ന് പൂർണ്ണദിനങ്ങളിലായി 'സ്നേഹോത്സവം' നടത്താവുന്നതാണ്. കഴിഞ്ഞവർഷം വേനൽചൂട് പരിഗണിച്ച് ചില ഇടവകകളിൽ രാവിലെ 6.30ന്റെ കുർബ്ബാനയോടനുബന്ധിച്ച് തുടങ്ങി 11.30 മണിവരെ നടത്തുകയുണ്ടായി. കുട്ടികൾക്ക് പ്രഭാത ഭക്ഷണം പള്ളിയിൽ നിന്നും കൊടുത്തത് വളരെ പ്രോത്സാഹജനകമായിരുന്നു. ഈ സമയക്രമം കുട്ടികൾക്കും അദ്ധ്യാകർക്കും കുടുതൽ സഹായകരമാണെന്ന് മനസ്സിലാക്കുന്നു.

## 11. കൈയെഴുത്തു മാസിക പ്രസിദ്ധീകരണം

കുട്ടികളുടെ കലാസാഹിത്യവാസനകൾ വർദ്ധിപ്പിക്കുന്നതിന് ഇടവക തലത്തിൽ കൈയെഴുത്തുമാസികകൾ പ്രസിദ്ധീകരിക്കാവുന്നതാണ് കഴിയുന്നിടത്തോളം കുട്ടികളുടെ കലാസൃഷ്ടികൾ അതിൽ ഉൾപ്പെടുത്തുകയും മാസിക പ്രകാശനത്തിനുശേഷം എല്ലാ കുട്ടികൾക്കും അതു വായിക്കുന്നതിനുള്ള സൗകര്യം ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വിലയിരുത്തലിനായി കൈയെഴുത്തുമാസിക 2018 ജനുവരി 7-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## 12. സ്ട്രെങ്ങ്ത് ലിസ്റ്റ്

സ്ട്രെങ്ങ്ത് ലിസ്റ്റുകൾ പൂരിപ്പിച്ച് അതിരൂപതയിലും ഫൊറോനയിലും കോപ്പികൾ കൊടുക്കേണ്ടതില്ല. കഴിഞ്ഞ വർഷം പൂരിപ്പിച്ചു അതിരൂപത യിൽ തന്ന അദ്ധ്യാപകരുടെ ലിസ്റ്റിൽ മാറ്റമുണ്ടെങ്കിൽ ഓൺലൈനിൽ കൃത്യമായി രേഖപ്പെടുത്തുകയും ഓഫിസിൽ അറിയിക്കുകയും വേണം. ഓഫിസിൽ നിങ്ങൾ അറിയിക്കുന്നില്ലെങ്കിൽ കഴിഞ്ഞവർഷത്തെ സ്ട്രെ ങ്ങ്ത് ലിസ്റ്റ് അനുസരിച്ച് അദ്ധ്യാപകരുടെ നമ്പർ കണക്കാക്കുന്നതാണ്. ഓൺലൈനിലെ നമ്പർ അനുസരിച്ചായിരിക്കും ചോദ്യപേപ്പറുകളും മറ്റും ലഭിക്കുക. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതു നിങ്ങളുടെ പാരീഷ് ലോഗിനിലുള്ള കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം കൃത്യമാ ണെന്ന് ഉറപ്പുവരുത്തുക എന്നതാണ്.

## 13. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (T .C.)

താമസം മാറ്റുന്നതിന്റെയോ മറ്റോ പേരിൽ സൺഡേ സ്കൂളിൽനിന്ന് പിരിഞ്ഞ് പോകുന്ന കുട്ടികൾക്ക് Transfer Certificate കൊടുത്തയയ്ക്കണം. മറ്റേതെങ്കിലും സ്കൂളുകളിൽ നിന്നും വന്നുചേരുന്ന കുട്ടികളോട് ടി.സി. ആവശ്യപ്പെടുകയും അത് ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഓൺലൈനിൽ ഇതിനുള്ള സൗകര്യം ഉണ്ടെന്നറിയാമല്ലോ

## 14. വിശ്വാസ പരിശീലന വാർഷിക റിപ്പോർട്ട്

വിശ്വാസ പരിശീലന വർഷത്തിന്റെ അവസാനത്തിൽ ഓരോ സൺ ഡേസ്കൂളും തങ്ങളുടെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് ഫൊറോനാ കേന്ദ്രത്തിൽ നല്കേണ്ടതാണ്. ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്ററും സെക്രട്ടറിയും ഒപ്പിട്ടാണ് ഈ റിപ്പോർട്ട് സമർപ്പിക്കേണ്ടത്. ഈ പ്രവർത്ത നവർഷത്തെ റിപ്പോർട്ട് ഫൊറോനാ കേന്ദ്രത്തിലെത്തിക്കേണ്ട അവ സാന തീയതി 2018 മാർച്ച് 3 ആണ്.

## 15. വേദപഠന ലൈബ്രറി

അദ്ധ്യാപകർക്ക് പാഠങ്ങളൊരുങ്ങുവാൻ സഹായകമായ റഫറൻസ് ഗ്രന്ഥങ്ങൾ, കുട്ടികൾക്ക് വിതരണം ചെയ്യാനുതകുന്ന ക്രിസ്തീയ ഗ്രന്ഥ ങ്ങൾ, ബൈബിൾ കഥകൾ, വിശുദ്ധരുടെ ജീവചരിത്രങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു വേദപാഠ ലൈബ്രറി എല്ലായൂണിറ്റുകളിലും ഉണ്ടാ യിരിക്കുന്നത് നല്ലതാണ്. ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണംചെയ്യുവാനും അവ വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

## 16. പ്രമോട്ടർമാരുടെ വിസിറ്റിന്റെ തിയതി നിശ്ചയിക്കൽ

പ്രമോട്ടർമാർ സന്ദർശനം നടത്തേണ്ട തിയതി പലതരത്തിൽ മാറ്റ ങ്ങൾ വരുത്തുന്നത് അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ

നിങ്ങളുടെ ഇടവകയിൽ വിസിറ്റ് സാധ്യമല്ലാത്ത ദിവസം (ഇടവകതിരുനാൾ) ഏത് എന്ന് നേരത്തെ തന്നെ അറിയിക്കേണ്ടതാണ്. പിന്നീട് ഹെഡ്മാസ്റ്റർമാരുടെ യോഗത്തിൽ നറുക്കിട്ടെടുക്കുന്ന പ്രകാരം സന്ദർശന ദിവസം നിശ്ചയിക്കുന്നതാണ്. തീരുമാനിച്ച ദിവസം മാറ്റിയാണ് വിസിറ്റ് നടത്തുന്നതെങ്കിൽ ഫോർമാറ്റിന്റെ മുകളിൽ അത് പ്രത്യേകം രേഖപ്പെടുത്തണം.

## Lumen Christi

മുൻ വർഷത്തിലെ പോലെ ഈ വർഷവും Lumen Christi ഫോറത്തിൽ, വിശ്വാസവുമായിബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്നതും അവ Lumen Christi Facebook group-ൽ നൽകപ്പെടുന്നതുമായിരിക്കും. Lumen Christi Facebook group ഒരു Closed Group ആയിരിക്കും അതിന്റെ പ്രധാന അഡ്മിൻ വിശ്വാസ പരിശീലന കേന്ദ്രമായിരിക്കും എന്നാൽ10 പേരടങ്ങുന്ന ഒരു അഡ്മിൻ ഗ്രൂപ്പ് അഡ്മിൻസ് ആയി പ്രവർത്തിക്കുന്നതാണ്. ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കൂടുതൽ യുവാക്കളിലേക്ക് എത്തിക്കാനാണ് ഈ ഉദ്യമം. ബഹുമാനപ്പെട്ട വികാരിയച്ചൻമാരും, വേദപാഠാദ്ധ്യാപകരും, യുവനേതാക്കൻമാരും കൂടുതൽ അംഗങ്ങളെ ഈ Lumen Christi Facebook group-ന്റെ ഭാഗമാക്കുവാൻ ശ്രദ്ധിക്കുക.

## പ്രമോട്ടേഴ്സ് വേദപഠന ക്ലാസ്സുകൾ സന്ദർശിക്കുമ്പോൾ വിലയിരുത്തലിന് സഹായകമായ ചോദ്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്

1. നിങ്ങൾ സന്ദർശിച്ച ഇടവകയിലെ വേദപഠന വിദ്യാർത്ഥികളുടെ കുർബ്ബാനയിലുള്ള പങ്കാളിത്വം തൃപ്തികരമാണോ? പൊതുവായ നിരീക്ഷണങ്ങൾ എന്തെങ്കിലും?; കൂടുതൽ സജീവമാക്കാനുള്ള നിർദ്ദേശങ്ങൾ ഉണ്ടോ?

2. കുർബ്ബാനയ്ക്കായുള്ള ഒരുക്കം, നിശബ്ദമായ പ്രാർത്ഥന, കുർബ്ബാനയ്ക്കുശേഷമുള്ള ഗാനം, പ്രാർത്ഥന, സമയ നിഷ്ഠ തുടങ്ങിയ കാര്യങ്ങളെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു.

3. വിശ്വാസപരിശീലന യൂണിറ്റുകൾ സന്ദർശിച്ചപ്പോൾ നിങ്ങൾക്കു തോന്നിയ അഭിപ്രായമെന്താണ്? വിശ്വാസപരിശീലന പ്രവർത്തനം സജീവമാക്കാൻ നടത്തുന്നു. പ്രത്യേക എന്തെങ്കിലും പ്രവർത്തനങ്ങൾ നിങ്ങളുടെ ശ്രദ്ധയ്ക്ക് വിഷയമായോ?

4. വേദപാഠ ക്ലാസ്സുകളിൽ വരുന്ന കുട്ടികളുടെ താൽപര്യം, പഠനത്തിലുള്ള അവരുടെ ശ്രദ്ധ ഇതൊക്കെ വിലയിരുത്താൻ സാധിക്കുന്ന രീതിയിൽ കുട്ടികളുടെ പങ്കാളിത്തം ശ്രദ്ധേയമാണോ?

5. വിശ്വാസപരിശീലകരുടെ കൂട്ടായ്മ, ബ. വികാരിയച്ചന്റെ നിർദ്ദേശാനുസൃതമുള്ള പ്രവർത്തനം, ക്ലാസ്സിനുള്ള ഒരുക്കം എന്നീ കാര്യങ്ങളിൽ നിങ്ങളുടെ അഭിപ്രായം എന്താണ്? അദ്ധ്യാപകരുടെ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം, അതിരൂപതയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിലെ ശ്രദ്ധ, അതിരൂപതാ തല പരിപാടികളോടുള്ള സഹകരണം (ഉദാ. വേദപാഠാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലനം) തുടങ്ങിയ കാര്യങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

6. മാതാപിതാക്കളുടെ വിശ്വാസ പരിശീലനത്തിൽ യുണിറ്റ് ശ്രദ്ധകൊടുക്കുന്നുണ്ടോ? കുട്ടികളുടെ മാതപിതാക്കളുമായുള്ള ബന്ധം, ഭവന സന്ദർശനം, മാതാപിതാക്കളുടെ സമ്മേളനങ്ങൾ തുടങ്ങിയ വിശ്വാസപരിശീലനത്തെ കുടുംബവുമായി ബന്ധിപ്പിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ

7. വേദപാഠ വിദ്യാർത്ഥികളിൽ ക്രിസ്തീയ സാമൂഹ്യ പ്രതിബദ്ധത യുളവാക്കുന്ന എടുത്തു പറയത്തക്ക പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? വേദപാഠാദ്ധ്യാപകരുടെ ജീവിതവും ഇടവകയിലുള്ള പ്രവർത്തനവും കുട്ടികളെ പ്രചോദിപ്പിക്കുന്നതാണെന്ന് തോന്നുന്നുണ്ടോ?

8. നിങ്ങൾ സന്ദർശിച്ച വേദപാഠ യൂണിറ്റിനെക്കുറിച്ചുള്ള താങ്കളുടെ പൊതുവായ വിലയിരുത്തൽ നിങ്ങൾ എങ്ങനെ രേഖപ്പെടുത്തും? (വളരെ നല്ലത്, നല്ലത്, തൃപ്തികരം, തൃപ്തികരമല്ല). ഈ യൂണിറ്റിൽ ക്രിസ്തുവിന്റെ മനോഭാവങ്ങൾ കുടുതൽ രൂപപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ? അതിരൂപത ശ്രദ്ധിക്കേണ്ട എന്തെങ്കിലും കാര്യങ്ങൾ?

## വിശ്വാസപരിശീലകരുടെ പ്രാർത്ഥന

ഞങ്ങളുടെ പിതാവും മാതാവുമായ ദൈവമേ / ഞങ്ങളോടു കൂടെയുള്ള / അങ്ങയുടെ സാന്നിദ്ധ്യത്തിന് / ഞങ്ങൾ നന്ദി പറയുന്നു. രക്ഷകനായ ഈശോയെ / അങ്ങയുടെ സ്നേഹത്തിന്റെയും / സേവനത്തിന്റെയും മാതൃക / ഞങ്ങളിൽ പ്രകാശിക്കുവാൻ / കൃപ ചൊരിയണമെ. ഞങ്ങളുടെ ഹൃദയങ്ങളെ / നവീകരിക്കുകയും / ബുദ്ധിയെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന / പരിശുദ്ധാത്മാവേ / അങ്ങയുടെ ദാനങ്ങളായ / ജ്ഞാനവും ആത്മശക്തിയും കൊണ്ട് / ഞങ്ങളെ നിറയ്ക്കണമെ. അങ്ങ് ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യം / ഏറ്റവും സ്നേഹത്തോടും ആത്മാർത്ഥതയോടും / വിശ്വാസത്തോടും പ്രത്യാശയോടും കൂടി / നിറവേറ്റുവാൻ / അങ്ങയുടെ കൃപയിൽ / ഞങ്ങൾ ആശ്രയിക്കുന്നു. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും / ക്ഷമയുടെയും സാഹോദര്യത്തിന്റെയും / സുവിശേഷം / ഞങ്ങളുടെ ജീവിതത്തിലൂടെ / കുട്ടികൾ വായിച്ചെടുക്കുവാൻ / ഞങ്ങളുടെ ജീവിതങ്ങളെ / നവീകരിക്കണമെ. വിശ്വാസ

പരിശീലന ശുശ്രൂഷയിൽ / പങ്കാളികളാകുന്ന / ഞങ്ങളെയും / കുട്ടികളെയും / കുടുംബാംഗങ്ങളെയും / സമൃദ്ധമായി അനുഗ്രഹിക്കണമെ. ആമ്മേൻ.

*(ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പ 1978 സെപ്റ്റംബർ 10-ന് നടത്തിയ മദ്ധ്യാഹ്ന പ്രാർത്ഥനയുടെ സമയത്ത് ഇങ്ങനെ പറഞ്ഞു: "നമുക്കറിയാം നമ്മെക്കുറിച്ചു കരുതലുള്ള ദൈവം എപ്പോഴും തന്റെ കണ്ണുകൾ തുറന്നു പിടിച്ചിരിക്കുന്നു. ദൈവം നമ്മുടെ പിതാവാണ്. അതിലുപരി ദൈവം നമ്മുടെ മാതാവാണ്".)*

## വിദ്യാർത്ഥികളുടെ പ്രാർത്ഥന

ഞങ്ങളുടെ പരിപാലകനായ ദൈവമേ /അങ്ങ് ഞങ്ങളോട് കാണിക്കുന്ന / അതിരറ്റ സ്നേഹത്തിനും / കാരുണ്യത്തിനും / ഞങ്ങൾ നന്ദി പറയുന്നു. തിരുവചനത്തിലൂടെ / അങ്ങയെ അനുഭവിച്ച് അറിയുവാനും / അനുദിന ജീവിതത്തിൽ / വിശുദ്ധിയിൽ വളരുവാനും / പരസ്പരമുള്ള ബന്ധങ്ങളിൽ / കരുണയോടെ കരുതലാകാനും / ഞങ്ങളെ അനുഗ്രഹിക്കണമെ.

വിശ്വാസത്തിൽ / ഞങ്ങളുടെ അമ്മയായ / കത്തോലിക്കസഭയേയും / ഞങ്ങളുടെ മാതാപിതാക്കളെയും / ഗുരുഭൂതരെയും / സഹപാഠികളെയും / അങ്ങയുടെ സ്നേഹ വലയത്തിൽ / സംരക്ഷിച്ചുകൊള്ളണമെ. എല്ലവരോടും/ പ്രത്യേകിച്ച് / വൃദ്ധജനങ്ങളോടും ബലഹീനരോടും / ആദരവോടും വിനയത്തോടും കൂടെ / പെരുമാറുവാനുള്ള / ആത്മീയ പ്രകാശം/ വിശ്വാസപരിശീലനത്തിലൂടെ / ഞങ്ങൾക്ക് നൽകണമെ.

മറ്റെല്ലാ ബന്ധങ്ങളേക്കാളും / ഉപരിയായി/ അങ്ങയോടുള്ള ബന്ധത്തിലും / ഞങ്ങൾക്ക് പകർന്നു കിട്ടിയ / ക്രിസ്തീയവിശ്വാസത്തിലും / ഉറച്ചുനിൽക്കുവാനും സത്യത്തിനുവേണ്ടി നിലകൊള്ളുവാനും / സമൂഹത്തിൽ / നീതിക്കുവേണ്ടി പ്രവർത്തിക്കുവാനും/ലോകത്തിനെന്നും / സമാധാനമേകുവാനും / ഞങ്ങളെ പ്രാപ്തരാക്കണമെ.

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന / ഞങ്ങളെയും / ഞങ്ങളുടെ അദ്ധ്യാപകരെയും / പരിശുദ്ധാത്മാവിന്റെ ജ്ഞാനത്താൽ / നിറയ്ക്കുകയും / നവീകരിക്കുകയും ചെയ്യേണമെ. ആമ്മേൻ

# വിശ്വാസ പരിശീലനത്തിന്റെ ദർശനം

വിശ്വാസപരിശീലനരംഗത്ത് ക്രിസ്തുവിനെപ്പറ്റിയും സഭയെക്കുറിച്ചും കുട്ടികൾക്ക് നമ്മൾ പകർന്നു കൊടുക്കുന്ന അറിവുകൾ അവരെ ദൈവാനുഭവത്തിലേക്കും സഭാസമൂഹത്തോടുള്ള സ്നേഹത്തിലേക്കും നയിക്കണം. ബുദ്ധിയുടെ തലത്തിൽ നിന്നും ഹൃദയത്തിന്റെ തലത്തിലേക്ക് വരണം. ക്രിസ്തുവിനെ അറിയുന്നവർ ക്രിസ്ത്വാനുഭവത്തിലേയ്ക്ക് കുട്ടികളെ നയിക്കുന്നവരാകണം (യോഹ. 1:39). വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അത് സ്വീകരിക്കുന്നവർക്കും ക്രിസ്ത്വനുഭവമുണ്ടാകുക വളരെ പ്രധാനമാണ്. പൗലോസ് ശ്ലീഹായുടെ "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാകുന്നു" (2 കൊറി 5: 17) എന്ന ദർശനത്തിലൂന്നിയാകണം നാം ആരംഭിക്കേണ്ടത്. സ്നാനം വഴിയാണ് ക്രിസ്തുവിലുള്ള പുതിയ ജീവിതം ആരംഭിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നാമെല്ലാം ദൈവപുത്രരാകുന്നു (ഗലാ 3:26-28). ക്രിസ്തുവിൽ പുതിയ വ്യക്തികളായിരിക്കുന്നതിന്റെ അർത്ഥ തലങ്ങൾ ഗലാ 3: 28-ൽ വിവരിക്കുന്നു. ക്രിസ്തുവിൽ എല്ലാവരും തുല്യരാണ്. എല്ലാ തരത്തിലുള്ള വിവേചനങ്ങളും ഇല്ലാതാകുന്നു. സാമൂഹ്യപരമായ എല്ലാ വിഭാഗിയതയും ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിലൂടെ പരിവർത്തന വിധേയമാകുന്നു. ക്രിസ്തുവിന്റെ മനോഭാവങ്ങളനുസരിച്ച് ജീവിക്കുവാനും ക്രിസ്തുവിലൂടെ ദൈവം നിർവ്വഹിച്ച രക്ഷാകര പദ്ധതിയുടെ ഫലങ്ങൾ സ്വായത്തമാക്കാനും വിശ്വാസ പരിശീലനത്തിലൂടെ കുട്ടികളെ പ്രാപ്തരാക്കുകയെന്നതാണ് നമ്മുടെ ദൗത്യം.

ക്രിസ്തുവിന്റെ സ്നേഹാനുഭവത്തിൽ നിറയുന്ന വിശ്വാസ പരിശീലകരും വിദ്യാർത്ഥികളും വിശുദ്ധിയിൽ വളരുന്നവരായിരിക്കും. "സത്യത്തോടുള്ള വിധേയത്വംവഴി നിഷ്കപടമായ സഹോദരസ്നേഹത്തിനായി നിങ്ങളുടെ ആത്മാവ് പവിത്രീകരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഹൃദയപൂർവകമായും ഗാഢമായും പരസ്പരം സ്നേഹിക്കുവിൻ" (1 പത്രോസ് 1:22). വേദപഠനം നടത്തുന്ന വിദ്യാർത്ഥികൾ അനുരഞ്ജനകൂദാശയിലൂടെയും വിശുദ്ധകുർബ്ബാനയിലൂടെയും പവിത്രീകരിക്കപ്പെടുന്നു. അവരുടെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയത്തിനു അനുയോജ്യമായി തീരുന്നു.

ആർദ്രതയിൽ വളരുന്ന വിദ്യാർത്ഥികളും വിശ്വാസ പരിശീലകരും കരുണയോടെ കരുതലായി (മത്താ 25: 31-46) സമൂഹത്തിൽ ജീവിക്കുന്നു. പരസ്പര ബന്ധങ്ങളിൽ ആർദ്രവും കരുണാമയവുമായ ഹൃദയമുള്ളവരാകുന്നതു വഴി അവർ ലോകത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നവരാകും. മാർതോമശ്ലീഹായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വിശ്വാസ പ്രഖ്യാപനം തങ്ങളുടെ ജീവിതത്തിലൂടെ പ്രഘോഷിക്കുവാൻ

വിശ്വാസ പരിശീലനത്തിനെത്തുന്ന കുട്ടികളെ പ്രാപ്തരാക്കുകയെന്നതാണ് വിശ്വാസ പരിശീലകരുടെ ദൗത്യം.

വിശ്വാസപരിശീലനത്തിന്റെ വിവിധ തലങ്ങൾ വിശ്വാസപരിശീലകർ ഓർത്തിരിക്കേണ്ടതാണ്.

1. അനുഭവ തലം: "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു". (1യോഹ 4:16);

"നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം". (1യോഹ 4:10).

ദൈവം സ്നേഹമാണെന്നും ദൈവം അനുസ്യൂതം നമ്മെ സ്നേഹിക്കുന്നുണ്ടെന്നും കുട്ടികൾക്ക് ബോധ്യമാകുന്ന രീതിയിലുള്ള പരിശീലനമാണ് ആവശ്യം. തെറ്റുകൾ പറ്റിയാലും തങ്ങൾക്ക് ദൈവത്തിലേക്ക് ഓടിയണയാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് അനുഭവമാകണം.

2. പ്രചോദനാത്മക തലം: "ഒരുവൻ എല്ലാവർക്കുംവേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്കു ബോധ്യമുള്ളതിനാൽ, ക്രിസ്തുവിൻെറ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു" (2കൊറി 5:14). വിശ്വാസ പരിശീലകരുടെയും വിശ്വാസ പരിശീലനത്തിനെത്തുന്ന കുട്ടികളെയും പ്രചോദിപ്പിക്കുന്ന ചൈതന്യം അവരുടെ ഉള്ളിൽ അനുഭവിക്കുന്ന ക്രിസ്തുസ്നേഹമായിരിക്കണം. ബാഹ്യമായി താൽപര്യങ്ങളാകരുത് വിശ്വാസ പരിശീലകരെ നയിക്കേണ്ടത്. ക്രിസ്തുവിനോടും അവന്റെ സമൂഹത്തോടുള്ള പ്രതിബദ്ധതയാകണം പ്രവർത്തനത്തിന്റെ പ്രേരക ശക്തി.

3. പ്രയോഗിക തലം: "സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം" (ഗലാ 5:6). സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള മനുഷ്യന്റെ കഴിവും സാധ്യതയും ജീവതത്തിൽ അന്വർത്ഥമാകുമ്പോഴാണ് വിശ്വാസം ജീവിക്കുന്ന അനുഭവമുണ്ടാകുന്നത്.

"വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്ത് മേന്മയാണുള്ളത്" (യാക്കോ 2:14) എന്ന യാക്കോബ്ശ്ലീഹായുടെ വാക്കുകൾ വിശ്വാസ പരിശീലകരുടെ മനസ്സിലും ഹൃദയത്തിലും എപ്പോഴും ഉണ്ടായിരിക്കണം.

| ജീവിക്കുന്നതിലെ സന്തോഷം: “സന്തോഷമായ് ജീവനേകാൻ” എറണാകുളങ്അങ്കമാലി അതിരൂപത വിശ്വാസ പരിശീലന വർഷം2017–2018 | | | | | |
|---|---|---|---|---|---|
| | ഫൊറോന | എലൈവ് – 2017 | എൻലൈറ്റ് – 2017 | കൺവൻഷൻ 2017–2018 | Phone No. ഫൊറോന സെക്രട്ടറിമാർ |
| 1 | അങ്കമാലി | ജൂലൈ 30 | ഒക്ടോബർ 18 | ഡിസംബർ 10 | 8281905054, 04842452257 |
| 2 | ചേർത്തല | ജൂലൈ 16 | നവംബർ 11 | ഡിസംബർ 17 | 9645864655, 04782822279 |
| 3 | ഇടപ്പള്ളി | ഒക്ടോബർ 22 | ഡിസംബർ 2 | മാർച്ച് 04 | 9496280237, 04842343419 |
| 4 | എറണാകുളം | സെപ്റ്റംബർ 17 | ഡിസംബർ 02 | മാർച്ച് 04 | 8606480074, 04842353836 |
| 5 | കാഞ്ഞൂർ | നവംബർ 26 | സെപ്റ്റംബർ 09 | മാർച്ച് 11 | 8281957651, 04842462251 |
| 6 | കറുകുറ്റി | ഡിസംബർ 03 | സെപ്റ്റംബർ 12 | മാർച്ച് 11 | 9846942285, 04842612060 |
| 7 | കിഴക്കമ്പലം | ഒക്ടോബർ 08 | സെപ്റ്റംബർ 08 | മാർച്ച് 04 | 8281950112, 04842680412 |
| 8 | കൊരട്ടി | ഓഗസ്റ്റ് 20 | ഡിസംബർ 09 | മാർച്ച് 11 | 9048778639, 04802732741 |
| 9 | മഞ്ഞപ്ര | സെപ്റ്റംബർ 10 | ജൂലൈ 08 | മാർച്ച് 11 | 9048928077, 04842690723 |
| 10 | മൂക്കന്നൂർ | ആഗസ്റ്റ് 27 | സെപ്റ്റംബർ 12 | മാർച്ച് 11 | 9496454096, 04842615805 |
| 11 | മൂഴിക്കുളം | ഓഗസ്റ്റ് 06 | സെപ്റ്റംബർ 21 | ഡിസംബർ 10 | 9207402858, 04842473331 |
| 12 | പള്ളിപ്പുറം | ജൂലൈ 23 | നവംബർ 11 | ഡിസംബർ 17 | 9447312337, 04782552337 |
| 13 | പറവൂർ | ഒക്ടോബർ 29 | സെപ്റ്റംബർ 21 | ഡിസംബർ 10 | 8606808950, 04842442650 |
| 14 | തൃപ്പൂണിത്തുറ | ജൂലൈ 09 | സെപ്റ്റംബർ 02 | ഡിസംബർ 17 | 8289895961, 04842777798 |
| 15 | വൈക്കം | നവംബർ 19 | സെപ്റ്റംബർ 02 | ഡിസംബർ 17 | 9847687169, 04829232485 |
| 16 | വല്ലം | സെപ്റ്റംബർ 24 | ജൂലൈ 08 | മാർച്ച് 11 | 9497036277, 04842524187 |